# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നൊച്ചാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി8/1014/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 31/08/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നൊച്ചാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി8/1014/2021 തീയ്യതി: 31/08/2021

## കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2020 മുതൽ 13-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം. വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ | 14-07-2021 | 30-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-07-2021 | 30-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. എം. കരുണാകരൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. എൻ. രാജീവൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. സി. വി ഇന്ദുകല, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സി.എം. ജാസിർ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി.എം. കുഞ്ഞിക്കണ്ണൻ | പ്രസിഡന്റ് | 01-04-2020 | 12-12-2020 |
| ശ്രീമതി. ശാരദ പട്ടേരിക്കണ്ടി | പ്രസിഡന്റ് | 12-12-2020 | 31-03-2021 |
| ശ്രീ. പി. നാരായണൻ | സെക്രട്ടറി | 01-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഗിരിജ. വി.കെ | അസി. സെക്രട്ടറി | 01-04-2020 | 25-06-2020 |
| ശ്രീമതി. ഷബീന. കെ.പി | അസി. സെക്രട്ടറി | 26-06-2020 | 31-03-2021 |
| ശ്രീ. സുധീഷ് കുമാർ. ഒ.വി | അസി. എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി. അശ്വതി ഹർഷൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.അബ്ദുൾ രാസിഖ്. ടി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ.അനിത കുമാരി. എസ് | സീനിയർ മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 06-02-2021 |
| ഡോ. കവിത | സീനിയർ മെഡിക്കൽ ഓഫീസർ(ആയുർവേദം) | 07-02-2021 | 03-03-2021 |
| ഡോ. ചിത്ര അശോക് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 03-03-2021 | 31-03-2021 |
| ഡോ. വിജിത. സി | വെറ്ററിനറി സർജൻ | 01-04-2020 | 27-10-2020 |
| ഡോ. റസീന മന്നത്ത് | വെറ്ററിനറി സർജൻ | 27-10-2020 | 31-03-2021 |
| ശ്രീ. നാരായണൻ | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി. വത്സല പി. കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-05-2020 |
| ശ്രീമതി. ഷീന. പി. | ഐ.സി.ഡി.എസ് | 01-06-2020 | 30-11-2020 |

| | | | |
|---|---|---|---|
| വി | സൂപ്പർവൈസർ | | |
| ശ്രീമതി. ആരിഫ. കെ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-12-2020 | 31-03-2021 |
| ശ്രീമതി. ലീന. ടി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 15-02-2021 |
| മഹേഷ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 16-02-2021 | 31-03-2021 |
| ശ്രീ. പ്രതീഷ്. പി | വി.ഇ.ഒ, കൽപ്പത്തൂർ | 01-04-2020 | 28-10-2020 |
| ശ്രീമതി. ഷീന. ടി. പി | വി.ഇ.ഒ, കൽപ്പത്തൂർ | 01-11-2020 | 31-03-2021 |
| ശ്രീമതി. പ്രിയങ്ക. കെ. സി | വി.ഇ.ഒ നൊച്ചാട് | 01-04-2020 | 28-10-2020 |
| ശ്രീമതി. നൈന പി ശിവൻ | വി.ഇ.ഒ നൊച്ചാട് | 01-11-2020 | 31-03-2021 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.Karunakaran (Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 27-08-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: C.V.Indukala (Senior Grade Auditor, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 27-08-2021) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: C.V.Indukala (Senior Grade Auditor, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: C.V.Indukala (Senior Grade Auditor, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 27-08-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: C.V.Indukala (Senior Grade Auditor, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 27-08-2021) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകത<br>Written By: C.V.Indukala (Senior Grade Auditor, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 27-08-2021) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: M.Karunakaran (Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 27-08-2021) | 1-5 |
| 8 | മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളുടെ തുടർനടപടി സംബന്ധിച്ച്.<br>Written By: Jasir C M (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 27-08-2021) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: M.Karunakaran (Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 27-08-2021) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Jasir C M (Auditor, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 27-08-2021) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം.<br>Written By: M.Karunakaran (Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 27-08-2021) | 1-9 |
| 12 | രശീതി സൂക്ഷിപ്പിലെ അപാകതകൾ<br>Written By: Jasir C M (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 27-08-2021) | 1-10 |
| 13 | തൊഴിൽ നികുതി-അപാകതകൾ<br>Written By: Jasir C M (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | 1-11 |
| 14 | വ്യവാസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ<br>Written By: Jasir C M (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 27-08-2021) | 1-12 |
| 15 | സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തി -നിർവ്വഹണത്തിലെ അപാകത<br>Written By: C.V.Indukala (Senior Grade Auditor, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | 1-13 |
| 16 | ഓവർ ഹെഡ് ചാർജ് അനുവദിക്കുന്നതിലെ അപാകതകൾ<br>Written By: C.V.Indukala (Senior Grade Auditor, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | 1-14 |

| | | |
|---|---|---|
| 17 | മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റിയില്ല<br>Written By: C.V.Indukala (Senior Grade Auditor, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | 1-15 |
| 18 | റിഡംപ്ഷൻ തുക -സർക്കാർ തിരിച്ചെടുത്ത മുഴുവൻ തുകയും ഗ്രാമ പഞ്ചായത്തിന് തിരികെ ലഭ്യമായില്ല<br>Written By: C.V.Indukala (Senior Grade Auditor, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | 1-16 |
| 19 | ജലനിധി പദ്ധതിയിൽപ്പെട്ട കുടിവെള്ളപദ്ധതികളുടെ പുനരുദ്ധാരണത്തിന് പഞ്ചായത്ത് ഫണ്ട് മാത്രം വകയിരുത്തി ചെലവഴിച്ചു<br>Written By: C.V.Indukala (Senior Grade Auditor, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | 1-17 |
| 20 | കുടിവെള്ള പദ്ധതികളുടെ മോട്ടോർ മാറ്റി സ്ഥാപിക്കൽ-പഴയമോട്ടോറിന്റെ വിവരം ലഭ്യമല്ല<br>Written By: C.V.Indukala (Senior Grade Auditor, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | 1-18 |
| 21 | ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ തുക ചെലവഴിച്ചു<br>Written By: C.V.Indukala (Senior Grade Auditor, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | 1-19 |
| 22 | സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച ബ്ലോക്ക് / ജില്ലാപഞ്ചായത്ത് വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു.<br>Written By: M.Karunakaran (Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | 1-20 |
| 23 | തനത് ഫണ്ട് ലഭ്യതപരിഗണിക്കാതെ പ്രൊജക്ടുകൾക്ക് ഫണ്ട് വകയിരുത്തി ചെലവഴിക്കുന്നു.<br>Written By: M.Karunakaran (Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | 1-21 |
| 24 | കരിമ്പാംകുന്ന് ചെറുകുന്ന് കനാൽ റോഡ് പ്രവർത്തി- തുക ഡപോസിറ്റ് ചെയ്തതിൽ അപാകത.<br>Written By: M.Karunakaran (Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | 1-22 |
| 25 | അങ്കണവാടി പൂരകപോഷകാഹാരം - S.C.Pഫണ്ട് വകയിരുത്തിയതിന് വ്യക്തതയില്ല.<br>Written By: M.Karunakaran (Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | 1-23 |
| 26 | കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രൊജക്ടുകളിലെ അപാകതകൾ<br>Written By: M.Karunakaran (Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | 1-24 |
| 27 | കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് മരുന്ന് വാങ്ങൽ-മുഴുവൻ തുകയ്ക്കുള്ള മരുന്നുകളും ലഭ്യമായില്ല.<br>Written By: Jasir C M (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | 1-25 |
| 28 | കതിരണിയും നൊച്ചാട്,കളംനിറയും നൊച്ചാട്-സമഗ്രനെൽകൃഷി വ്യാപനപദ്ധതി പ്രൊജക്ടിന് സമഗ്രതയില്ല.<br>Written By: M.Karunakaran (Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | 1-26 |
| 29 | ആശ്രയപദ്ധതിക്കായി കൈമാറിയ പദ്ധതി വിഹിതം | 1-27 |

| | | |
|---|---|---|
| | ചെലവഴിക്കാതെ അവശേഷിക്കുന്നു.<br>Written By: M.Karunakaran (Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | |
| 30 | കോവിഡും പ്രതിരോധ പ്രവർത്തനങ്ങളും<br>Written By: M.Karunakaran (Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | 1-28 |
| 31 | ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിന് K.S.E.B. യിൽ അടവാക്കിയ തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല.<br>Written By: M.Karunakaran (Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | 1-29 |
| 32 | ഘടകസ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ.-കമ്പ്യൂട്ടറുകൾ ലഭ്യമല്ലാത്തതും മറ്റ് അപാകതകളും.<br>Written By: M.Karunakaran (Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | 1-30 |
| 33 | മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി തുക പിൻവലിച്ചു.മുറിച്ചുമാറ്റിയ മരത്തിന്റെ വിനിയോഗവിവരം ലഭ്യമാക്കിയില്ല.<br>Written By: M.Karunakaran (Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | 1-31 |
| 34 | ദുരിദാശ്വാസ നിധി രൂപീകരണം<br>Written By: M.Karunakaran (Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | 1-32 |
| 35 | ആസ്തികളുടെ പരിപാലനം<br>Written By: C.V.Indukala (Senior Grade Auditor, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | 1-33 |
| 36 | മുൻകൂറായി നൽകിയ ഉത്സവബത്ത ക്രമീകരിച്ചില്ല<br>Written By: M.Karunakaran (Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | 1-34 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: C.V.Indukala (Senior Grade Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.V.Indukala (Senior Grade Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.V.Indukala (Senior Grade Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: C.V.Indukala (Senior Grade Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: C.V.Indukala (Senior Grade Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: C.V.Indukala (Senior Grade Auditor, On 28-07-2021) | 4-6 |

| | | |
|---|---|---|
| | Last Updated By: Vasudevan M (Deputy Director, On 31-08-2021) | |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: C.V.Indukala (Senior Grade Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jasir C M (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക<br>Written By: N. Rajeevan (Senior Grade Auditor, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.V.Indukala (Senior Grade Auditor, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jasir C M (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 31-08-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 17.3.19 ൽ കൂടിയ ഭരണസമിതിയുടെ അജണ്ട 1 തീരുമാനം (1)/1 നമ്പർ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് 17.2.202 -ലെ അജണ്ട 1 തീരുമാനം 2/1 നമ്പർ പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1994 -ലെ കേരള പഞ്ചായത്ത്‌രാജ് നിയമം 214ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175ാം വകുപ്പ് പ്രകാരമുള്ള വികസനപദ്ധതി ചെലവുൾപ്പെടെ അടുത്തവർഷത്തേക്ക് ഉണ്ടാവാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് നിരദ്ദേശങ്ങൾ ഓരോവർഷവും ജനവരി 15 -ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കണം. സ്റ്റാന്റിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിച്ചതായി ബന്ധപ്പെട്ട് സ്റ്റാന്റിംഗ് കമ്മറ്റി മിനട്സ്സുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിശദമായ ബജറ്റ് നിർദ്ദേശങ്ങളടങ്ങിയ ഫയൽ പരിശോധനക്ക് ലഭ്യമായിട്ടില്ല. ഭരണസമിതി അംഗീകരിച്ച നൽകിയ ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും പഞ്ചായത്തിന്റെ യഥാർത്ഥ വരവുചെലവുകളും തമ്മിൽ വൻ അന്തരം കാണുന്നു. ഭരണസമിതി ബജറ്റ് റിവൈസ് ചെയ്ത് അംഗീകരിച്ചിട്ടുണ്ടെങ്കിലും പരിഷ്കരിച്ച ബജറ്റ് പരിശോധനക്ക് ലഭ്യമായിട്ടില്ല. പഞ്ചായത്തിന്റെ ബജറ്റ്പ്രകാരം, സാമ്പത്തിക വർഷത്തെ വരവ് മുന്നിരിപ്പുൾപ്പെടെ 262797607 രൂപ രേഖപ്പെടുത്തിയപ്പോൾ സ്ഥാപനത്തിന്റെ യഥാർത്ഥ വരവ് മുന്നിരിപ്പുൾപ്പെടെ 97437890 രൂപ മാത്രമാണ് അതെപോലെതന്നെ ചെലവ് ബജറ്റ് പ്രകാരം 256448000/- രൂപയും യഥാർത്ഥ ചെലവ് 85765652/- രൂപയുമാണ്. ഇതെപോലെതന്നെ മുന്നിരിപ്പിലും നീക്കിയിരിപ്പിലും യഥാർത്ഥ നീക്കിയിരിപ്പുമായി അന്തരമുണ്ട്. ബജറ്റ് പ്രകാരം ഓപ്പറേഷൻ & മെയിന്റനസ് വിഭാഗത്തിൽ 2300800114 ഹെഡിൽ Expense Related To Pandamic/Epidemic Control ഇനത്തിൽ വാർഷിക കണക്കപ്രകാരം ചെലവുള്ള 624079 രൂപ ബജറ്റിൽ പ്രതീക്ഷിത ചെലവായി ഉൾപ്പെടുത്തിയിട്ടില്ല. റിവൈസ്ഡ് ബജറ്റ് ഹാജരാക്കാത്തതിനാൽ ആയതിൽ പ്രസ്തുത ചെലവ് ഉൾപ്പെടുത്തിയോ എന്ന് വ്യക്തമല്ല. ബജറ്റ് തയ്യാറാക്കുമ്പോൾ ആയത് യാഥാർത്ഥ്യ ബോധ്യത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | (Aims ൽ 06.05.2021) |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചത് പ്രകാരം ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഷികകണക്കിലെ വികസനഫണ്ട് (ജനറൽ) വരവ് തുക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| വാർഷികകണക്ക് പ്രകാരമുള്ള തുക | ACR പ്രകാരമുള്ള തുക | വ്യത്യാസം |
|---|---|---|
| 1,23,68,647 | 1,24,26,247 | 57,600 |

2. അഡ്വാൻസ് രജിസ്റ്ററിൽ Advance To Implementing Officers എന്ന ശീർഷകം ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ വാർഷിക കണക്കിൽ ഈ ഇനത്തിൽ 1,70,000/- രൂപ അഡ്വാൻസ് നൽകിയതായി കാണുന്നുണ്ട്. (RP-47) Advance To Others ഇനത്തിൽ രജിസ്റ്റർ പ്രകാരം 19,22,203 രൂപയാണ് മുൻകൂർ നൽകിയിട്ടുള്ളത്. വാർഷികകണക്ക് പ്രകാരം ഇത് 17,16,614/- രൂപ.
3. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ വാർഷിക സംഗ്രഹം സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
4. തൊഴിൽനികുതി രജിസ്റ്റർ പ്രകാരം തൻവർഷ ഡിമാൻഡ്, കലക്ഷൻ എന്നിവ 8,44,470/- രൂപയാണ്. വാർഷികകണക്കിൽ ഡിമാൻഡ് 8,44,470/- രൂപയും, കലക്ഷൻ 8,13,470/- രൂപയുമാണ്. വ്യത്യാസം 31,000/- രൂപ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
5. വാടകയിനത്തിൽ 2020-21 ൽ വാർഷിക കണക്ക് പ്രകാരം തൻവർഷ കലക്ഷൻ 48000/- രൂപയും, കുടിശ്ശിക 4000/- രൂപയും ചേർത്ത് 52000/- രൂപ വരവുണ്ട് (RP-43). എന്നാൽ വാടക രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.
6. വസ്തുനികുതിയിനത്തിൽ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തൻവർഷ കലക്ഷനും, വാർഷിക കണക്കിലെ ഇതേയിനവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം | വാർഷികകണക്ക് പ്രകാരം | വ്യത്യാസം |
|---|---|---|---|
| വസ്തുനികുതി-റസിഡൻഷ്യൽ-തൻവർഷ കലക്ഷൻ | 1381204 | 1376437 | 4767 |
| വസ്തുനികുതി-റസിഡൻഷ്യൽ-തൻവർഷ കലക്ഷൻ | 1503380 | 1502335 | 1045 |

7. ലേല രജിസ്റ്ററിൽ വാർഷികസംഗ്രഹം രേഖപ്പെടുത്തിയിട്ടില്ല.
8. തൻവർഷം തൊഴിൽരഹിത വേതന ഇനത്തിൽ 92040/- രൂപ വിതരണം ചെയ്തിട്ടുണ്ട്. വാർഷികകണക്കിൽ 195120/- രൂപയേ ഉൾപ്പെടുത്തിയിട്ടുള്ളൂ.
9. ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം തൻവർഷം 11654/- രൂപ ഈ ഇനത്തിൽ വരവുണ്ട്. ഇത് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.
10. സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള Other Fund രജിസ്റ്റർ, വാർഷികകണക്ക് ബി-4 ഷെഡ്യൂൾ എന്നിവ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം ഇനത്തിൽ (റവന്യൂ, ക്യാപിറ്റൽ) 15,16,830 രൂപ നീക്കിയിരിപ്പുണ്ട്. വാർഷികകണക്ക് ബി-17 ഷെഡ്യൂൾ പ്രകാരം

ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ (Treasury TSB JointVenture) 5,90,450/- രൂപ മാത്രമേ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളൂ.

11. Sale Of Tender Forms ഇനത്തിൽ 1,53,156/- രൂപ വരവുണ്ട്. ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.
12. കരിമ്പാംകുന്ന് -ചെറുകുന്ന് കനാൽ റോഡ് പ്രവൃത്തിയ്ക്കായി 4,00,000/- രൂപ KYIP-യ്ക്ക് (കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്ട്) നൽകിയിട്ടുണ്ട്. ഇത് അഡ്വാവൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ, വാർഷികകണക്കിൽ Advance To Other Authorised Agencies എന്ന ശീർഷകത്തിൽ ഉൾപ്പടുത്തുകയോ ചെയ്തിട്ടില്ല. ഈ പ്രവൃത്തി ഇതുവരെയും പൂർത്തീകരിച്ചിട്ടില്ല.
13. തൊഴിലുറപ്പ് പദ്ധതി രേഖകൾ പ്രകാരം Administrative വരവ് 13,75,271/- രൂപയും വാർഷികകണക്കിൽ Administrative വരവ് 1432672/- രൂപയുമാണ് (RP-31).
14. വാർഷികകണക്കിൽ അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.
15. മിസലേനിയസ് ഡിമാൻഡ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇത് കാരണം RP-4 ൽ പെർമിറ്റ് ഫീ, ക്രമവത്കരണ ഫീ, ലൈസൻസ് ഫീ എന്നിവ ഒഴികെയുള്ളവയുടെ വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
16. ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കിയിട്ടില്ല.
17. പഞ്ചായത്ത് വിഹിതങ്ങളിൽ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ചുവടെ ചേർക്കും പ്രകാരം നീക്കിയിരിപ്പുണ്ട്. ഇവ പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

| ഇനം | തുക |
|---|---|
| Contribution For Joint Venture Projects<br>(For Capital Expenditure)-District Panchayath | 8,93500 |
| Contribution For Joint Venture Projects<br>(For Capital Expenditure)-From Block Panchayaths | 32,880 |
| Contribution For Joint Venture Projects<br>(For RevenueExpenditure)-From District Panchayaths | 1,33,100 |
| Contribution For Other Specific Purposes<br>(For Revenue Expenditure)From District Panchayath | 4,57,350 |
| ആകെ | 1516830 |

18. വാർഷികകണക്ക് B-14 ഷെഡ്യൂൾ പ്രകാരം സ്റ്റോർസ് നീക്കിയിരിപ്പ് 13,672/- രൂപ ഉണ്ട്. ആധികാരികത പരിശോധിക്കുന്നതി നാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.
19. ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവ് വന്ന 11654/- രൂപ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
20. 31.03.2018 ൽ സർക്കാർ തിരിച്ചെടുത്ത 9,00,000/- രൂപയിൽ 8,06,500/- രൂപ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭ്യമായിട്ടുണ്ട്. ശേഷിക്കുന്ന 93,500/- രൂപ നാളിതുവരെയും ലഭ്യമായിട്ടില്ല.

21. ഇ-ടെണ്ടർ ഫീ ഇനത്തിൽ അസി. എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവ് വന്ന തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റിയില്ല. 2020-21 വർഷത്തിൽ ഈ ഇനത്തിൽ വരവ് വന്ന 128160/- രൂപ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10648312 |
| വരവ് | 86789578 |
| ആകെ | 97437890 |
| ചെലവ് | 85765651 |
| നീക്കിയിരിപ്പ് | 11672238 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്* (ജനറൽ ) | - | 12735626 | 12735626 | 12426247 | 309379 |
| വികസന ഫണ്ട് (എസ്.സി.പി ) | - | 5961374 | 5961374 | 5961374 | - |
| വികസന ഫണ്ട് (ടി.എസ്.പി ) | - | - | - | - | - |
| മെയിന്റനൻസ് (റോഡ് ) | - | 1606200 | 16062000 | 16062000 | - |
| മെയിന്റനൻസ് (നോൺ റോഡ്) | | 4267397 | 4267397 | 4267397 | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(CFC -Tied) | - | 5880000 | 5880000 | 2678831 | 3201169 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC -UnTied) | - | 11595889 | 11595889 | 10582907 | 1012982 |
| MP ഫണ്ട് | 40784 | - | 40784 | - | 40784 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| MGNREGS | 11971489 | 1432672 | 1552461 | 1375271 | 177190 |
| ശുചിത്വമിഷൻ ഗ്രാന്റ് | 426096 | 1518904 | 1945000 | 685666 | 1259334 |
| ഐ.സി.ഡി.എസ് | 302524 | 1718458 | 2020982 | 1196701 | 824281 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ബിവറേജസ് കോർപ്പറേഷൻ | 1925447 | 1800000 | 3725447 | 1761134 | 1964313 |

| | | | | | |
|---|---|---|---|---|---|
| WSS ധനസഹായം (മൂവ്വാട്ടുമ്മൽ കുടിവെള്ള പദ്ധതി) | | | | | |
| സമ്പൂർണ്ണ ശുചിത്വം | 426096 | 1518904 | 1945000 | 685666 | 12959334 |
| ജലനിധി | 1172337 | 1478444 | 2650781 | 1729138 | 921643 |
| ലൈഫ് | 2507500 | 920000 | 3427500 | 2060000 | 1367500 |
| ARWSS | 8061 | - | 8061 | 0 | 8061 |

* വികസനഫണ്ട് ജനറൽ വാർഷികകണക്കിലെയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെയും ചെലവ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകത

സർക്കാർ ഉത്തരവ് (കൈ)16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയതും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയതുമായ , നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. വികസനഫണ്ട് ജനറൽ, എസ്.സി.പി, ധനകാര്യകമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് (റോഡ്, നോൺറോഡ്) എന്നിവയുടെ അലോട്ട്മെന്റ് തുകകൾ ഗ്രാന്റ് വിനിയോഗ പത്രിക പ്രകാരമുള്ള അലോട്ട്മെന്റ് ACR പ്രകാരമുള്ള അലോട്ട്മെന്റ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ACR പ്രകാരമുള്ള അലോട്ട്മെന്റ് | ഗ്രാന്റ് വിനിയോഗ പത്രിക പ്രകാരമുള്ള അലോട്ട്മെന്റ് | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 12735626 | 12518193 | 217433 |
| വികസന ഫണ്ട് (എസ്.സി.പി) | 5961374 | 5897235 | 64139 |
| CFC(Tied) | 5880000 | രേഖപ്പെടുത്തിയിട്ടില്ല | - |
| CFC(UnTied) | 11595889 | 10448576 | 1147313 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) | 4267397 | 4014000 | 253397 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 14956000 | 16062000 | 13349800 |

2. വികസനഫണ്ട്-ജനറൽ, എസ്.സി.പി, ധനകാര്യ കമ്മീഷൻ ഗ്രാന്റ് , മെയിന്റനൻസ് ഗ്രാന്റ് റോഡ്, റോഡിതരം ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അലോക്കേഷൻ തുക, ബാലൻസ് തുക എന്നിവ രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അലോക്കേഷൻ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
3. വികസനഫണ്ട്-ജനറൽ, എസ്.സി.പി, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് റോഡ്, റോഡിതരം ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുക ACR പ്രകാരമുള്ള ചെലവ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4. മേൽ പരാമർശിച്ചിട്ടുള്ള ഫണ്ടുകളുടെ കാര്യത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ മുന്നിരിപ്പ്, വരവ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. ഇവ രേഖപ്പെടുത്താതെ ചെലവ് മാത്രം രേഖപ്പെടുത്തിയതിനാൽ നീക്കിയിരിപ്പ് മൈനസ് ആയി കാണുന്നു.

5. മേൽപറഞ്ഞിട്ടുള്ള അപാകതകൾ കാരണം വിവിധ ഫണ്ടിനങ്ങളുടെ മേഖലാടിസ്ഥാനത്തിലുള്ള അലോക്കേഷൻ തുകകളും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുകകളും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

6. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഗ്രാന്റിനങ്ങളുടെ വരവ് തുകയായി രേഖപ്പെടുത്തിയിരിക്കുന്നത് പദ്ധതിയ്ക്കായി ആകെ വകയിരുത്തിയ തുകയാണ് .

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രൊജക്ടുകൾ |
|---|---|---|---|
| 165 | 117 | 12 | 35 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 165 പ്രൊജക്ടുകൾക്കാണ് സാമ്പത്തികവർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 129 പ്രൊജക്ടുകൾക്ക് സാമ്പത്തികവർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്.

നിർവഹണ ഉദ്യോഗസ്ഥരിൽ കൂടുതൽ പ്രൊജക്ടുകൾ നടപ്പാക്കുന്ന അസി.എഞ്ചിനീയർക്ക് സാമ്പത്തിക വർഷം നടപ്പിലാക്കാനുണ്ടായിരുന്നത് 77 പ്രൊജക്ടുകളാണ്. ആയതിൽ 63 എണ്ണത്തിന് സാമ്പത്തിക വർഷം തുക ചെലവഴിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ സാമ്പത്തിക വർഷത്തെ ആകെ ചെലവ് 34586586/- രൂപയാണ്. മറ്റൊരു നിർവഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ മുഴുവൻ പ്രൊജക്ടുകൾക്കും തുക ചെലവഴിച്ചിട്ടുണ്ട്. ആയതിൽ സർക്കാറിന്റെ സുഭിക്ഷകേരളം പദ്ധതിയിലുൾപ്പെടുത്തി പഞ്ചായത്ത് ഫണ്ട് വകയിരുത്തി 3 പ്രൊജക്ടുകൾ നടപ്പിലാക്കിയത് ശ്രദ്ധേയമാണ്. മറ്റ് നിർവഹണോദ്യോഗസ്ഥരിൽ വി.ഇ.ഒ, സെക്രട്ടറി, ഫിഷറീസ് സബ് ഇൻസ്പക്ടർ എന്നിവരൊഴികെ തങ്ങളുടെ പ്രൊജക്ടുകൾ ഭൂരിഭാഗവും നടപ്പിലാക്കിയിട്ടുണ്ട്. സെക്രട്ടറിക്ക് നിർവഹണം നടത്താനുണ്ടായിരുന്ന 33 പ്രൊജക്ടുകളിൽ 20 എണ്ണത്തിന് മാത്രമാണ് തുക ചെലവഴിച്ചിരിക്കുന്നത് ആയതിൽ ഏഴെണ്ണം ജി.ഒ. പ്രൊജക്ടുകളാണ്. വി.ഇ.ഒ-ക്ക് നിർവഹണം നടത്താനുണ്ടായിരുന്ന 12 പ്രൊജക്ടുകൾക്കായി 39846600/- രൂപ വകയിരുത്തിയതിൽ 8327487/- രൂപ മാത്രമാണ് സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിരിക്കുന്നത്. ലൈഫ് ഭവനപദ്ധതി (ജനറൽ, എസ്.സി.പി) പ്രൊജക്ടുകളിൽ ചെലവുശതമാനം വളരെ കുറവാണ്. ഫിഷറീസ് ഇൻസ്പക്ടർക്ക് സാമ്പത്തിക വർഷത്തിൽ 2460000 രൂപ വകയിരുത്തിയ പ്രൊജക്ട് ഉണ്ടായിരുന്നെങ്കിലും ആയതിൽ തുകയൊന്നും ചെലവഴിച്ച കാണുന്നില്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ പ്രൊജക്ടുകളുടെ രൂപീകരണം, നിർവഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾ ആരോഗ്യം വിദ്യാഭ്യാസം ഒഴികെ തങ്ങൾക്ക് കീഴിലുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രൊജക്ട് നിർവഹണം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തി കാണുന്നില്ല. പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തികാണുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ചിലവർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തിക വർഷത്തിൽ പ്രൊജക്ട നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. ഉദാ:- കൃഷി അനുബന്ധ മേഖലകൾ വർക്കിംഗ് ഗ്രൂപ്പ്.

വർക്കിംഗ് ഗ്രൂപ്പുകളിൽ ഭൂരിഭാഗവും യോഗമിനുട്സ് തയ്യാറാക്കി സൂക്ഷിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവഹിക്കുന്നതോടൊപ്പം യഥാസമയം യോഗം ചേർന്ന് യോഗമിനുട്സുകൾ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതും പ്രൊജക്ടുകളുടെ നിർവഹണത്തിൽ മോണിട്ടറിംഗ് നടത്തിവരുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

<u>1-6 മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളുടെ തുടർനടപടി സംബന്ധിച്ച്.</u>

വരവിനങ്ങളുമായി ബന്ധപ്പെട്ട് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലെ അപാകതകൾ പൂർണ്ണമായും പരിഹരിക്കുന്നതിൽ സ്ഥാപനത്തിന് വീഴ്ച സംഭവിച്ചതായി ഓഡിറ്റ് പരിശോധനയിൽ ബോധ്യപ്പെടുന്നു. 2016-17, 2017-18, 2018-19 റിപ്പോർട്ടുകളിൽ വരവിനങ്ങളുമായി ബന്ധപ്പെട്ട പരാമർശങ്ങളിൽ ചൂണ്ടിക്കാട്ടിയ അപാകതകൾ പൂർണ്ണമായും പരിഹരിക്കാതെ നിലവിലും തുടർന്ന് വരുന്നതായി കാണുന്നു.

മുൻ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ അതെ പോലെ തുടരുന്നതിന്റെ ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1) വസ്തു നികുതി തെറ്റായി നിർണ്ണയിച്ചത് കാരണം സ്ഥാപനത്തിന് നഷ്ടം-(2016-17 ഖണ്ഡിക-2-2(3)).

100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളതിനാൽ ചതുരശ്രമീറ്ററിന് 50/- രൂപ നിരക്കിലായിരുന്നു വസ്തു നികുതി ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 30/- രൂപ നിരക്കിൽ 100 ചതുരശ്ര മീറ്റർവരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് വസ്തു നികുതി ഈടാക്കിയത്. ആയത് കാരണം നികുതി നഷ്ടം സംഭവിച്ചു. എന്നാൽ നികുതി പുനർനിർണ്ണയിക്കാത്തതിനാൽ അപാകത നിലനില്ക്കുന്നു.

2)വ്യാപാരസ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് (2017-18 ഖണ്ഡിക-2-1(1),2018-19 ഖണ്ഡിക-1-7(1)).

2017-18 വർഷത്തിൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കിയിട്ടുണ്ടെങ്കിലും അപാകത ആവർത്തിക്കുന്നതായി കാണുന്നു.

3)പഞ്ചായത്ത് പരിധിയിലുള്ള വാണിജ്യ-വ്യവസായ കെട്ടിടങ്ങളുടെ എണ്ണവും, ഡി&ഒ ലൈസൻസ് (സംരംഭകത്വ ലൈസൻസ്), തൊഴിൽ നികുതി ഈടാക്കിയ സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ അന്തരം (2017-18 ഖണ്ഡിക 2-1(2), 2018-19 ഖണ്ഡിക 1-10).

2018-19 വർഷത്തെ അനന്തരപരാമർശ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെയും കണ്ടെത്തി ലൈസൻസ് എടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നെങ്കിലും തുടർനടപടികൾ സ്വീകരിക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല.

2020-21 വർഷത്തിലും ഈ അപാകത തുടരുന്നതായി കാണുന്നു.

4)ലൈസൻസ് (സംരംഭകത്വ ലൈസൻസ്) – സ്ഥലം സന്ദർശിച്ച് അന്വേഷണ റിപ്പോർട്ട് തയ്യാറാക്കുന്നില്ല, ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.(2016-17 ഖണ്ഡിക-2-4(3,4)).

ഹെൽത്ത് ഇൻസ്പെക്ടർ ,വാർഡ് ക്ലാർക്കുമാർ എന്നിവർ സ്ഥലം സന്ദർശിച്ച് അന്വേഷണ റിപ്പോർട്ട് തയ്യാറാക്കി ലൈസൻസ് അനുവദിക്കുന്നതായി 2016-17 ഓഡിറ്റ് റിപ്പോർട്ടിന് നൽകിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും അപ്രകാരം ചെയ്യുന്നില്ല എന്നത് 2020-21 വർഷത്തിലെ ലൈസൻസ് അപേക്ഷകൾ,അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു.കൂടാതെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയത് പൂർണ്ണമല്ല. സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നും വാണിജ്യ കെട്ടിടങ്ങളുടെ വിവരം പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കുകയാണ് ചെയ്യുന്നത്.അത്തരം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പൂർത്തിയാക്കിയിട്ടില്ല.

മേൽ വിഷയത്തിലെ അപാകതകൾ മുൻകാല റിപ്പോർട്ടുകളിൽ പ്രതിപാദിച്ചിട്ടും നാളിതുവരെ അവ തിരുത്തപ്പെടാതെ തുടരുന്നുണ്ട്. ഇത് കാരണം പഞ്ചായത്ത് ഫണ്ടിന് ലഭിക്കേണ്ട വരുമാനത്തിൽ വലിയ തോതിൽ നഷ്ടം സംഭവിക്കുന്നു. ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾക്കും അപാകതകൾ പരിഹരിക്കുന്നതിന് നൽകുന്ന നിർദ്ദേശങ്ങൾക്കും സ്ഥാപനം അർഹമായ പ്രാധാന്യം നൽകാത്തതാണ് അപാകതകൾ ആവർത്തിക്കുന്നതിന് കാരണമാകുന്നത്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 195120/- | 130 |
| കർഷകതൊഴിലാളി പെൻഷൻ | 13425000/- | 2062 |
| വിധവാപെൻഷൻ | 16194000/- | 1077 |
| വാർദ്ധക്യകാലപെൻഷൻ | 26660300/- | 404 |
| വികലാംഗപെൻഷൻ | 5865600/- | 404 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 664800/- | 44 |
| വിവാഹ ധനസഹായം | 90000/- | 3 |

ഗ്രാമപഞ്ചായത്തിൽ സാമ്പത്തിക വർഷത്തിൽ ലഭിച്ച വിവിധ ക്ഷേമപെൻഷനുകളുടെ അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ഭൂരിഭാഗം അപേക്ഷകളിലും നിശ്ചിത സമയപരിധിക്കകം തീരുമാനം കൈകൊള്ളുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും വാർദ്ധക്യകാല പെൻഷൻ അപേക്ഷകളിൽ സമയബന്ധിതമായി തീരുമാനം എടുക്കുന്നതിന് സ്ഥാപനത്തിന് സാധിക്കാതെ വരുന്നതായി ശ്രദ്ധയിൽപ്പെട്ടു. ഗ്രാമപഞ്ചായത്തിൽ ലഭ്യമാകുന്ന ക്ഷേമപെൻഷനുകളുടെ അപേക്ഷകൾ യഥാസമയം അന്വേഷണ ഉദ്യോഗസ്ഥർക്ക് നൽകുന്നുണ്ടെങ്കിലും അന്വേഷണ ഉദ്യോഗസ്ഥർ ചില അപേക്ഷകളിൽ കാലതാമസം വരുത്തുന്നതായി കാണുന്നുണ്ട്.

മുൻകാലങ്ങളിൽ നേരിട്ട് പെൻഷൻ ലഭ്യമായിക്കൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് നിലവിൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്-കൽപ്പത്തൂർ വഴി ബാങ്ക് ജീവനക്കാർ നേരിട്ട് വീടുകളിൽ എത്തിച്ച് നൽകുകയാണ് ചെയ്യുന്നത്. ഗുണഭോക്താക്കൾ മരണപ്പെടുന്ന പക്ഷം അവർക്ക് അനുവദിച്ച പെൻഷൻ തുക ബാങ്ക് സർക്കാരിലേയ്ക്ക് തിരികെ അടവാക്കുകയാണ് ചെയ്ത് വരുന്നത്. നിലവിൽ സേവന-പെൻഷൻ സോഫ്റ്റ്വേറിൽ ക്ഷേമപെൻഷനുകൾ റദ്ദ് ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് മാത്രമാണ് സാധിക്കുന്നത്. ഗുണഭോക്താക്കൾ മരണപ്പെട്ട വിവരം ബാങ്ക് ഗ്രാമപഞ്ചായത്തിൽ അറിയിക്കുന്നില്ല.ഇത് കാരണം ഗുണഭോക്താക്കൾ മരണപ്പെട്ടാലും പെൻഷൻ അനുവദിക്കുന്ന സാഹചര്യം സംജാതമാകുന്നു. ദേശസാൽകൃത ബാങ്ക് വഴി പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ കാര്യത്തിലും ചില അപാകതകൾ നിലനില്ക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഗുണഭോക്താവ് മരണമടയുന്ന പക്ഷം പെൻഷൻ തുക ബന്ധുക്കൾക്ക് എ.ടി.എം ട്രാൻസാക്ഷൻ, ഓൺലൈൻ ഇടപാടുകൾ എന്നിവ വഴി പിൻവലിക്കുന്നതിനുള്ള സാധ്യതകൾ നിലനില്ക്കുന്നുണ്ട്. ഇപ്രകാരം പെൻഷൻ തുക അനർഹമായി കൈപ്പറ്റുന്നതിന് സാധ്യത നിലനില്ക്കുന്നു. ഗുണഭോക്താക്കൾ

മരണമടയുന്ന വേളയിൽ ആയത് ഗ്രാമപഞ്ചായത്തിൽ അറിയിക്കുന്നതിനുള്ള സംവിധാനം ബാങ്ക് അധികൃതരുടെ ഭാഗത്ത് നിന്നും ഉണ്ടാക്കുന്നതിനുള്ള സംവിധാനം ഒരുക്കേണ്ടിയിരിക്കുന്നു.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.07.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 588/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

പഞ്ചായത്തിൽ കൃത്യമായ ജോലിവിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്വങ്ങൾ വിഭജിച്ച് നൽകിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയുരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ട് .ജീവനകാകാരുടെ അറ്റന്റൻസ് പരിശോധിച്ചതിൽ കോവിഡ് വ്യാപനത്തിന് ശേഷം മുഴുവൻ ജീവനകാകാരും ഹാജരാകേണ്ട 2020 നംവംമ്പർ, ഡിസംമ്പർ മാസങ്ങളിൽ ജീവനക്കാരുടെ അറ്റൻന്റൻസ് രജിസ്റ്ററിൽ മിക്കദിവസങ്ങളിലും ഹാജർരേഖപ്പെയുത്തുകയോ, അനുവദനീയമായ ലീവ് രേഖപ്പെയുത്തുകയോ ചെയ്യിട്ടില്ല. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പുവരുത്തുനനതിൽ മേലുദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുണ്ട്. ജീവനക്കാരുട ദൈനംദിന കലക്ഷനുകളുടെ കൃത്യത ആരും പരിശോധനക്ക് വിധേയമാക്കുന്നില്ല. കാഷ്ബുക്ക് ദിവസേന സെക്രട്ടറി ഒപ്പുവെക്കുന്നുണ്ട്. എന്നാൽ ഡേബുക്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തികാണുന്നില്ല. ബാങ്ക്, ട്രഷറി എകൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി സൂക്ഷിച്ചുവരുന്നുണ്ടെങ്കിലും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിവിധ വരവിനങ്ങളുടെ രജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിലും സെക്രട്ടറി വീഴ്ച വരുത്തിയത് കൂടാതെ സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റമറ്ററീതിയിൽ എഴുതി സൂക്ഷിച്ചതായും കാണുന്നില്ല. വൗച്ചറുകൾ പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കുന്നതിൽ പലപ്പോഴും വീഴ്ചസംഭവിച്ചിട്ടുണ്ട്. മുൻകാല ഓഡിറ്റ റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഊർജിതമായ നടപടികൾ ഉണ്ടായിട്ടുണ്ടെങ്കിലും റിപ്പോർട്ടുകൾക്ക് യഥാസമയം പ്രഥമറുപടി സമർപ്പിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. 16-17, 17-18 വർഷ ഓഡിറ്റ് റിപ്പോർട്ടുകൾ പുറപ്പെടുവിച്ചശേഷം യഥാസമയം മറുപടി ലഭ്യമാക്കാത്തതിനാൽ അനന്തര റിപ്പോർട്ട് പുറപ്പെടുവിക്കേണ്ടി വന്നിട്ടുണ്ട്. മുൻവർഷങ്ങളിൽ വിവിധ വരവിനങ്ങളിലെ ഓഡിറ്റ് പരാമർശങ്ങൾ പരിഹരിച്ചതായി മറുപടി ലഭ്യമാക്കിയതിന്റ അടിസ്ഥാനത്തിൽ പരാമർശങ്ങൾ ഒഴിവാക്കി നൽകിട്ടുണ്ടെങ്കിലും നിലവിലും സമാന അപാകതകൾ തുടർന്നുവരുന്നു.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതരവരവുകൾ പിരിച്ചെടുക്കുന്നതി നാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൽ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെ ന്ന് ഉറപ്പുവരുത്തുന്നില്ല. 26.6.19 -ൽ കൂടിയ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോഗം കെട്ടിടങ്ങൾക്ക് നികുതി അനുവദിച്ച് നിയമാനുസൃതം പെർമിറ്റ് എടുക്കാതെ മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി ക്രമവൽകരണം ആവശ്യപ്പെടുന്നതിന്

നോട്ടീസ് നൽകാൻ തീരുമാനിച്ചെങ്കിലും ഇക്കാര്യത്തിൽ പിന്നീട് തുടർനടപടിഉണ്ടായി കാണുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തതമൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാകാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവുചെലവു കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ടരേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തുന്നത് മൂലം, കെട്ടിടനിർമ്മാണം, മാലിന്യ സംസ്കരണം, ഡി&ഒ, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതല എൽപിച്ച മേഖലകളിലെ നിയമ ലംഘനങ്ങൾ റിപ്പോർട്ടു ചെയ്യപ്പെടാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ പഞ്ചായത്തിന്റെ തുടർനടപടി ഇല്ലാതിരിക്കുകയും, ആയതുകൊണ്ടുതന്നെ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച് ബജറ്റ് പ്രപോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ചു നൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ സൂക്ഷിക്കുന്നതായി കാണുന്നില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-10 രശീതി സൂക്ഷിപ്പിലെ അപാകതകൾ

നൊച്ചാട് ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ ഡേ ബുക്ക്, സാംഖ്യ രസീതുകൾ, ക്ലാർക്കുമാരുടെ ഔട്ട്ഡോർ കളക്ഷൻ രജിസ്റ്റർ എന്നിവയുടെ പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നുണ്ട്.

1. ദിവസേനയുള്ള ഡേ ബുക്ക് കളക്ഷൻ സൂപ്പർവൈസറി ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുകയോ ക്യാൻസൽഡ് രസീറ്റ് റിപ്പോർട്ടുകൾ പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്യുന്നില്ല.
2. വിവിധ ക്ലാർക്കുമാരുടെ ഔട്ട്ഡോർ കളക്ഷൻ രജിസ്റ്ററുകൾ സൂപ്പർവൈസറി ഉദ്യോഗസ്ഥൻമാർ പരിശോധിക്കുന്നില്ല. ഇത് കാരണം കളക്ഷൻ തുക അതാത് ദിവസം അടവാക്കുന്നുണ്ടെന്നത് ഉറപ്പ് വരുത്തുന്നതിന് സാധിക്കാതെ വരുന്നുണ്ട്. 21710/29-40 രശീതി മുഖേന 10.02.2021 തിയ്യതിയിലെ ഔട്ട്ഡോർ കളക്ഷൻ തുക 15.02.2021 തിയ്യതിയിലാണ് ഓഫീസിൽ അടവാക്കിയത് (തുക-4352/-) ദിവസേനയുള്ള കളക്ഷനുകൾ അതാത് ദിവസം തന്നെ ഓഫീസിൽ അടവാക്കേണ്ടതാണെന്നിരിക്കെ 5 ദിവസം താമസിച്ചാണ് അടവാക്കിയത്. കൂടാതെ ക്യാൻസൽ ചെയ്ത റസീറ്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.ഉദാ-റസീറ്റ് നം-3204/4 തിയ്യതി-22.09.2020. 3204/83-84 തിയ്യതി-16.01.2021.
3. വെറ്ററിനറി സർജൻ ഗുണഭോക്തൃ വിഹിതം ഈടാക്കിയ റസീറ്റ് ബുക്കുകൾ പരിശോധിച്ചതിൽ ക്യാൻസൽ ചെയ്ത റസീറ്റുകളോടൊപ്പം റസീറ്റിന്റെ ഡ്യൂപ്ലിക്കേറ്റ് സൂക്ഷിച്ചിട്ടില്ല.

| ക്രമ നം | രസീത് നം | കളക്ഷൻ തിയ്യതി | തുക |
|---|---|---|---|
| 1 | 44180/30 | 05.03.2020 | 5000/- |
| 2 | 44180/31 | 05.03.2020 | 5000/- |
| 3 | 44180/33 | 05.03.2020 | 5000/- |
| 4 | 44180/37 | 05.03.2020 | 5000/- |
| | | | |

| | | | |
|---|---|---|---|
| 5 | 44180/40 | 05.03.2020 | 5000/- |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഡ്യൂപ്ലിക്കേറ്റ് രശീതികൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-11 തൊഴിൽ നികുതി-അപാകതകൾ

1) ജീവനക്കാരുടെ എണ്ണത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം

നൊച്ചാട് ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള സംരംഭക ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലിചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| ലൈസൻസ് ക്രമ നം | ലൈസൻസ് അപേക്ഷകന്റെ പേര് | വാർഡ് / കെട്ടിട നം | ആവശ്യം | ജീവനക്കാരുടെ എണ്ണം | ഈടാക്കിയ നികുതി |
|---|---|---|---|---|---|
| 32/2020-21 | ശ്രീ.രാധാകൃഷ്ണൻ പനച്ചിങ്ങൽ. ചേനോളി | 5/581 | ഹോട്ടൽ | 3 | 600/- |
| 37/2020-21 | ശ്രീ.അബ്ദുസലാം നെല്ല്യോട്ട്, പാലേരി | 2/305ജെ | വെൽഡിംഗ് ഇൻഡസ്ട്രി | 2 | 2500/- |
| 38/2020-21 | ശ്രീ.അബ്ദുസലാം നെല്ല്യോട്ട്, പാലേരി | 2/305എ | സിമന്റ് കട്ട നിർമ്മാണം | 4 | 2500/- |
| 47/2020-21 | ശ്രീ.എം.എ.ജോർജ് ചെമ്മാച്ചേൽ | 12/591 | സിമന്റ് കട്ട നിർമ്മാണം | 3 | 2500/- |
| 77/2020-21 | ശ്രീ.ചന്ദ്രൻ തട്ടാങ്കണ്ടി | 5/41 | വർക്ക് ഷോപ്പ്-മിനി ഓട്ടോ ഗ്യാരേജ് | 4 | 2500/- |
| 107/2020-21 | ശ്രീ.ബിജു ചാലക്കര, പേരാമ്പ്ര | 5/8എ-8സി | ബിൽഡിംഗ് മെറ്റീരിയൽസ് -സി.കെ | 4 | 1500/- |
| 109/2020-21 | ശ്രീ.സന്തോഷ് കുമാർ കെ.കെ കണ്ണിപ്പൊയിൽ താഴെ | 15/145എ | ക്വാറി | 4 | 2500/- |
| 172/2020-21 | ശ്രീ.റഫീഖ് ചാലിക്കര ചേനോളി | 11/510എ-510ബി | ബേക്കറി -ഡി പാരിസ് ബേക്സ് | 3 | 600/- |
| 182/2020-21 | ശ്രീ.കുഞ്ഞമ്മദ് പടിയങ്ങൽ ചേനോളി | 12/363എ-363ബി | ഹോം അപ്ലയൻസസ് വില്പന | 4 | 2500/- |
| 193/2020- | ശ്രീ.ദിവാകരൻ | 12/534,535എ,536 | ബജാജ് | 8 | 2500/- |

| | | | | | |
|---|---|---|---|---|---|
| 21 | കെ.തുളസിദളം, ചോറോട് | | ഓട്ടോ വില്പന | | |
| 224/2020-21 | ശ്രീ.ലത്തീഫ് വി.പി വലിയ പറമ്പിൽ പേരാമ്പ്ര | 12/75,76 | ഗ്ലാസ് കച്ചവടം | 4 | 1200/- |
| 237/2020-21 | ശ്രീ.ബീന കെ.പി പുളിയപ്പറ്റ കുനിയിൽ | 12/102 | ബേക്കറി നിർമ്മാണം | 4 | 600/- |
| 246/2020-21 | ശ്രീ.പ്രണവ് ജി.കൃഷ്ണൻ, രജീഷ് എൻ | 17/425എ | സൂപ്പർ മാർക്കറ്റ് | 3 | 900/- |
| 271/2020-21 | ശ്രീ.ബവീഷ് എൻ.എം, ഉഷസ്സ് | 6/175എ-175ഡി | ഇരുചക്ര വാഹന വില്പന | 4 | 2500/- |
| 288/2020-21 | ശ്രീ.സരിത്ത് എസ്.ബി സൗഭാഗ്യ, കീഴ്പയ്യൂർ | 12/358,358എ-358ഡി | ടൈൽസ്, സാനിറ്ററി വിപ്പന | 5 | 2500/- |
| 336/2020-21 | ശ്രീ.അൻഷാദ് സി. പുതിയോട്ടും കണ്ടി, ചാലിക്കര | 6/170എ-170ബി | വസ്ത്ര വ്യാപാരം | 5 | 500/- |
| 345/2020-21 | ശ്രീ.രാജു വി.സി. പേരാലിൽ, എരവട്ടൂർ പി.ഒ | 1/224ബി | ഇന്റർലോക്ക് നിർമ്മാണം | 4 | 900/- |
| 390/2020-21 | ശ്രീ.വിനോദ്കു മാർ കുന്നത്ത് | 17/425എ | ഓൺലൈൻ ഡെലിവറി സർവ്വീസ് | 4 | 450/- |
| 396/2020-21 | ശ്രീ.സിദ്ദീഖ് കെ.കെ ഇല്ലിക്കുന്നുമ്മൽ | 6/168 | ഫർണ്ണിച്ചർ വില്പന- ഐശ്വര്യ ഫർണ്ണിച്ചർ | 4 | 2500/- |
| 411/2020-21 | ശ്രീ.അബ്ദുനാസർ വി.എ ബിയ്യാത്ത് പറമ്പിൽ | 12/3എ | ഇരുമ്പ് പൈപ്പ് കച്ചവടം, ട്യൂബ്സ് ഇന്ത്യ | 5 | 1250/- |

*ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അക്ഷയ സെന്റർ (വാല്യക്കോട്, മുളിയങ്ങൽ, വെള്ളിയൂർ), കള്ള് ഷാപ്പുകൾ (കല്പത്തൂർ, കൈതക്കൽ), ആപ്കോ സുസുക്കി ഷോറും (ട്ട വീലർ വില്പന) എന്നിവിടങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്ഥാപന ഉടമകൾ പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ജീവനക്കാരന്റെ പേര്, അർദ്ധവാർഷിക വരുമാനം,ഈടാക്കിയ നികുതി, രസീത് നം, തീയതി സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

<u>2)മുഴുവൻ വാണിജ്യ കെട്ടിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.</u>

സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 1809 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2020-21 വർഷത്തിൽ

നൊച്ചാട് ഗ്രാമപഞ്ചായത്തിൽ 26 വാണിജ്യ കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. അതായത് 1783 കെട്ടിടങ്ങളിൽ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. ഓഡിറ്റ് വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 424 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച കണക്കുകൾ പ്രകാരം ആകെ അനുവദിക്കപ്പെട്ട ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം 562 ആണ്. അവശേഷിക്കുന്ന 1221 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനില്ക്കുന്നു. ഇത്തരം കെട്ടിടങ്ങൾ ഫീൽഡ് പരശോധനയിലൂടെ കണ്ടെത്തി അവയിൽ നിന്നും ജീവനക്കാരുടെ റിട്ടേൺ വാങ്ങി വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

3) <u>രജിസ്റ്ററുകൾ തയ്യാറാക്കിയതിലെ അപാകതകൾ</u>

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. സഞ്ചയ സോഫ്റ്റ്വേറിൽ നിന്നും വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കുകയാണ് ചെയ്യുന്നത്. ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ലാത്തതിനാൽ 2019-20 സാമ്പത്തിക വർഷത്തെ കച്ചവടക്കാരുടെ തൊഴിൽ നികുതി ഇനത്തിലെ ഡിമാന്റ്, കളക്ഷൻ എന്നിവയുടെ കൃത്യത ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടില്ല.

<u>4)വിവിധ ബിൽഡിംഗ് സൂപ്പർവൈസർമാര്,അംഗീകൃത കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>

(1) 2020-21 വർഷത്തിൽ നൊച്ചാട് ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പ്ലാനുകളിൽ സൂപ്പർവിഷൻ നടത്തിയ ചുവടെ ചേർത്തിട്ടുള്ള വിവിധ എൽ.ബി.എസ് മാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.ശ്രീ.മുഹമ്മദ് കെ.കെ

കുളത്തുവയൽകുനി,ഇരിങ്ങത്ത്

രജി നം-ഇ- 2050/2008/12655/കെ.കെ.ഡി/453/2018/എസ്.ബി

2.ശ്രീ.സജിത്ത് സി.

ചെറുവോട്ട്, കല്പത്തൂർ പി.ഒ

രജി നം-ഇ-2050/08/6090/കെകെഡി/303/2014/എസ്.ബി

3.ശ്രീ. സജേഷ് ഇ.പി, എടപ്പറമ്പിൽ

മന്തരത്തൂർ

രജി നം-ഇ/2050/08/5922/കെകെഡി/199/2014 /എസ്.ബി

4.ശ്രീ.പുഷ്പാംഗതൻ കെ.കെ

കൊല്ലന്റെ കണ്ടി, കായണ്ണ ബസാർ പി.ഒ

രജി നം-ഇ/2050/08/11354/കെകെഡി/150/2017/എസ്.എസ്

5.ശ്രീ.മുഹമ്മദ് നജീബ് എം, അറഫ, മന്തരത്തൂർ

രജി നം-ഇ/2050/08/15926/കെകെഡി/941/2019/ഇ.എ

6.ശ്രീ.മണി പി.സി

പൊൻപാറച്ചാലിൽ, പേരാമ്പ്ര പി.ഒ

രജി നം-ഇ/2050/08/2451/കെകെഡി/465/2010/എസ്.ബി

7.ശ്രീ.ഒ.കെ ചന്ദ്രൻ

ഒതയോത്ത് കണ്ടി , മേപ്പയ്യൂർ

രജി നം-ഇ/2050/08/14215/കെകെഡി/116/2018/എസ്.എസ്

8.ശ്രീ.ഫദിലുൽ ആബിദ് ടി.വി.തെയ്യംവീട്ടിൽ കല്പത്തൂർ

രജി നം-ഇ/2050/08/12104/കെകെഡി/224/2018/എസ്.ബി

9.ശ്രീ.റംഷാദ് പി.പി. പാറപ്പുറത്ത് .ചേനോളി പി.ഒ

രജി നം-ഇ/2050/08/14540/കെകെഡി/217/2019/എസ്.ബി

10.ശ്രീ.ഷംസീർ എൻ.കെ, നെല്ലിയോട്ടുള്ളകണ്ടി,നൊച്ചാട്

രജി നം-ഇ/2050/08/6363/കെകെഡി/461/2014/എസ്.ബി

11.ശ്രീ.ശ്രീനിവാസൻ സി.എം

ചെറിയകമ്മനമീത്തൽ, അരിക്കുളം

മേൽ സൂചിപ്പിച്ചിരിക്കുന്ന മുഴുവൻ എൽ.ബി.എസ് മാരിൽ നിന്നും നോട്ടിസ് നൽകി തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ii)മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഓഡിറ്റ് വർഷം നൊച്ചാട് ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ കൊടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.ശ്രീ.ബൈജു ടി.വി

തട്ടാന്റെ വളപ്പിൽ, വാകയാട് പി.ഒ

2.ശ്രീ.ഗോവിന്ദന് നായർ എൻ.എം

ശോഭ നിവാസ് , കോട്ടൂർ പി.ഒ

3.ശ്രീ.എം. എം ബാലകൃഷ്ണൻ

ചെറിയ മഠത്തിൽ , കൽപ്പത്തൂർ പി.ഒ

4.ശ്രീ.കുഞ്ഞിമൊയ്തി പി

പണോട്ട് .നൊച്ചാട്

5.ശ്രീ.ഗഫൂർ

പടിക്കൽ, നൊച്ചാട് പി.ഒ

6.ശ്രീ.ഡി.എം കുഞ്ഞിക്കണ്ണൻ

ദനവംപുറത്ത് മീത്തൽ,കൊഴക്കല്ലൂർ പി.ഒ

7.ശ്രീ.നൗഷാദ് കെ.കെ

കൊന്നക്കാട്ട് .ചക്കിട്ടപാറ

8.ശ്രീ.രാജീവൻ കെ.പി

കുന്നംപാറപ്പൊയിൽ.

പേരാമ്പ്ര

9.ശ്രീ.ഷാജി രാഘവൻ

ചൂണ്ടപ്പൊയിൽ.ചെറുകാട് പി.ഒ

10.ശ്രീ.നിഖിൽ കെ.എൻ

എല്ലുക്കണ്ടി.ചെറുകാട് പി.ഒ

11.ശ്രീ.അഷറഫ് കെ.കെ

കൊന്നക്കാട്ട്.ചക്കിട്ടപാറ

12.ശ്രീ.കെ അബ്ദുറഹ്മാൻ

കോട്ടൂർ, ചേനോളി പി.ഒ

13.ശ്രീ.സുനിൽകുമാർ വി.കെ

വെറ്റിലക്കണ്ടി, വാകയാട് പി.ഒ

14.റെയ്ഡ്കോ കേരള ലിമിറ്റഡ്

ഗാന്ധി ഗൃഹം ബിൽഡിംഗ്സ് , ചെറൂട്ടി റോഡ്, കോഴിക്കോട്
കരാറുകാരനിൽ നിന്നും നികുതി ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(iii)എം.ജി.എൻ.ആർ.ഇ.ജി.എസ് മെറ്റീരിയൽ സപ്ലയേർസ്/കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2019-20 സാമ്പത്തിക വർഷത്തിൽ മെറ്റീരിയൽസ് സപ്ലൈ ചെയ്ത ചുവടെ ചേർത്തിട്ടുള്ള വിവിധ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.ശ്രീ.എം. എം ബാലകൃഷ്ണൻ

ചെറിയ മഠത്തിൽ , കൽപ്പത്തൂർ പി.ഒ

2.ശ്രീ.നൗഫൽ ടി.കെ

തോട്ടിക്കണ്ടി, അള്ളി പി.ഒ ,മുക്കം

3.ശ്രീ.കെ അബ്ദുറഹ്മാൻ

കോട്ടൂർ, ചേനോളി പി.ഒ

4.ശ്രീ.അഫ്സൽ ടി.കെ

തൊട്ടിക്കണ്ടി , അല്ലി പി.ഒ, മുക്കം

5.ശ്രീ.കുഞ്ഞിമൊയ്തി പി

പണോട്ട് , നൊച്ചാട്

6.ശ്രീ.ഗഫൂർ

പടിക്കൽ, നൊച്ചാട് പി.ഒ

7.ശ്രീ.ഗിരീഷ് കുമാർ.കോമത്ത്

കായണ്ണ പി.ഒ
മേൽ കരാറുകാരനിൽ നിന്നും നികുതി ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5)വാടക വരുമാനം ആർജ്ജിക്കുന്ന കെട്ടിടഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ കെട്ടിട ഉടമകൾ ആരും തന്നെ നാളിതുവരെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെട്ടിട്ടില്ല. കെട്ടിട വാടകക്കാരുമായി കെട്ടിട ഉടമയുണ്ടാക്കിയ വാടക കരാർ പരിശോധിച്ചതിൽ നിന്നും വലിയ തുക പ്രതിമാസ വാടകയായി ഈടാക്കുന്ന കെട്ടിട ഉടമകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഡി&ഒ ലൈസൻസ് നം | വാടക എഗ്രിമെന്റ് പ്രകാരമുള്ള പ്രതിമാസ വാടക | കെട്ടിട ഉടമ |
|---|---|---|---|---|
| 1 | 11/430എ-430 ബി | 394 | 15000/- | ശ്രീ. റഷീദ് എരവത്ത് മീത്തല് |
| 2 | 17/425എ | 390 | 22000/- | ശ്രീമതി.സെറീന, സെലീന, മുനീർ,പുളിയിൽ |
| 3 | 5/45ബി-45സി | 376 | 15000/- | ശ്രീ.മുഹമ്മദ്, സാജിത എടത്തിലെ പൊയിൽ |
| 4 | 8/7ഇ-7എഫ് | 370 | 9000/- | ശ്രീ.യൂസഫ് മുളിയങ്ങൽ മീത്തൽ |
| 5 | 8/8ഡിഎ | 351 | 7000/- | ശ്രീ.റിയാസ് ചേലേരി |
| 6 | 6/170എ-170ബി | 336 | 45000/- | ശ്രീ.മുഹമ്മദ് കോയ നടുക്കണ്ടി |

വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച എല്ലാ കെട്ടിട ഉടമകളെയും നികുതി പരിധിയിൽ കൊണ്ടുവന്ന് ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും വരുമാനം സംബന്ധിച്ച് ചട്ടപ്രകാരമുള്ള ഫോറത്തിൽ റിട്ടേൺ വാങ്ങി നികുതി ഈടാക്കേണ്ടതുമാണ്. റിട്ടേൺ പ്രകാരം കാണിക്കുന്ന വരുമാനം ലൈസൻസ് അപേക്ഷയ്ക്കൊപ്പം നല്കുന്ന വാടകകാരാറുമായി ഒത്തുനോക്കി ഉറപ്പാക്കാവുന്നതാണ്.

അപകതകൾ പരിഹരിക്കുന്നതിന് സ്ഥാപന തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 വ്യവാസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ

### 1)ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സാധ്യത നിലനില്ക്കുന്നു

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2021 ന് വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1809 (26 വേക്കൻസി റെമിഷൻ) കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 424 പേർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്(562 കെട്ടിടങ്ങളിൽ). നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കുവാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട് എന്ന

കാര്യം വ്യക്തമാണ്. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്. വാണിജ്യ/വ്യാവസായിക ആവശ്യങ്ങൾക്കായി കെട്ടിടനമ്പർ നൽകിയ കെട്ടിടങ്ങളിൽ ഭൗതികപരിശോധന നടത്തി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതും എല്ലാ സ്ഥാപനങ്ങളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വന്ന് ലൈസൻസ് ഫീസിനത്തിലെ വരുമാനം വർദ്ധിപ്പിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>2)ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയത് അപൂർണ്ണം</u>

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-205.ബി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും വിവരങ്ങളടങ്ങിയ പട്ടിക വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് ഇപ്രകാരം തയ്യാറാക്കിയതല്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും കെട്ടിടങ്ങളുടെ വിവരങ്ങൾ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ലാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവർക്കെതിരെ ചട്ടപ്രകാരമുള്ള നടപടികളെടുത്തതായ വിവരങ്ങൾ ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയുംചെയ്യുന്നു.

<u>3)അപേക്ഷകൾ അപൂർണ്ണം.</u>

2020-21 വർഷം ലഭിച്ചിട്ടുള്ള ലൈസൻസ് അപേക്ഷകളിൽ ചില അപേക്ഷകൾ അപൂർണ്ണമാണ്. ഉദാ:അപേക്ഷ നം-423/2020-21. സെക്രട്ടറി, കല്ലത്തൂർ സർവ്വീസ് സഹകരണ ബാങ്ക്,

നം-385/2020-21.ശ്രീ.വിജീഷ്.വി.വി, വാര്യാംവീട്ടിൽ, ഭീമ ട്രേഡേഴ്സ്. ലൈസൻസിന് ആവശ്യമായ സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം,മൂലധന നിക്ഷേപം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന്, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം (തൊഴിൽ നികുതി ) വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള 1783 കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകിയും വിവരശേഖരണം നടത്തിയും, ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, 1996 ലെ കേരള പഞ്ചായത്ത് രാജ് (സംരംഭക) ലൈസൻസ് നൽകൽ ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥ പനങ്ങളും ലൈസൻസ് എടുത്തു എന്നത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.

## <u>1-13 സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തി -നിർവ്വഹണത്തിലെ അപാകത</u>

2020-21 സാമ്പത്തിക വർഷത്തിൽ നിർമ്മാണം നടത്തിയ സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തികളിൽ പ്രവൃത്തിയുടെ പ്രധാന ഇനമായ പേവ്മെന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളത് മോർഡ് സ്പെസിഫിക്കേഷനിൽ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ അല്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. ഓഡിറ്റ് വർഷത്തിൽ നിർമ്മാണം നടത്തിയ ഏതാനും സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| പ്രോജക്റ്റ് നം. | പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 45/21 | ചാലിക്കണ്ടി മുക്ക്-രാമല്ലൂർ റോഡ് | 7,00,000/- | 5,86,360 |

| | | | |
|---|---|---|---|
| | | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | (32/20-21 തീ. 11.12.20) |
| 29/21 | ആലയാട്ട് മുക്ക് തയ്യുള്ള പറമ്പ് റോഡ് | 7,00,000/- മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 604843 (29/20-21 തീ. 08.12.20) |
| 79/21 | കല്ലോത്ത് മാങ്ങാട്ട് താഴെ റോഡ് | 1409000/- മെയിന്റനൻസ് ഗ്രാന്റ് (റോഡ്) തനത് ഫണ്ട് 1000 | 1249072/- (42/20-21 തീ. 29.01.2021) |
| 28/21 | പയ്യാനക്കോട്ട്മുക്ക് കുന്നത്ത് മീത്തൽ റോഡ് | 438353 മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 399901 (30/20-21 തീ. 08.12.20) |

മോർഡ് സ്പെസിഫിക്കേഷനിലെ വിവിധ സ്ട്രക്ച്ചറുകളുടെ ഓപ്പൺ ഫൗണ്ടേഷൻ വിശദമാക്കുന്ന അദ്ധ്യായം 800, 1200 എന്നിവയിൽ വിശദീകരിക്കുന്നതും DAR ലെ അദ്ധ്യായം 11ൽ 11.4.3.1 നമ്പർ പ്രകാരം ഡാറ്റാ നൽകിയതുമായ കോൺക്രീറ്റ് ഇനമാണ് റോഡ് നിർമ്മിതിക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ മോർഡ് സ്പെസിഫിക്കേഷനിലെ സെക്ഷൻ 1500 മുതലാണ് പേവ്മെന്റ് കോൺക്രീറ്റിംഗ് സംബന്ധിച്ച് വിശദമാക്കുന്നത്. കൂടാതെ മോർഡ് സ്റ്റാൻഡേർഡ് ഡാറ്റാ ബുക്കിലെ അദ്ധ്യായം 6ൽ ഇതിന്റെ ഡാറ്റാ നല്കിയിട്ടുമുണ്ട്. ഇതിൽ 6.4 നമ്പർ ഇനമാണ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തേണ്ടത്. വിവിധ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റും, പേവ്മെന്റുകൾക്കുപയോഗിക്കുന്ന കോൺക്രീറ്റും വ്യത്യസ്തമാണെന്നത് ഇവിടെ പ്രസക്തമാണ്. റോഡിനാവശ്യമായ ഇലാസ്റ്റികത, ഷോക് അബ്സോർപ്ഷൻ സ്വഭാവം എന്നിവ മറ്റ് സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റിന് ഉണ്ടാകണമെന്നില്ല. ആയതിനാൽ 11.4.3.1 ഡാറ്റാ പ്രകാരമുള്ള കോൺക്രീറ്റിംഗ് റോഡ് പ്രവൃത്തികൾക്ക് അനുയോജ്യമല്ലാത്തതും ആയത് അവലംബിച്ച്

നിർമ്മിക്കുന്ന റോഡുകൾ പെട്ടെന്ന് തകരുവാൻ സാദ്ധ്യത ഏറെയുമാണ്. മേൽപ്പറഞ്ഞ രണ്ട് കോൺക്രീറ്റുകളുടെയും സ്പെസിഫിക്കേഷൻ പരിശോധിച്ചാൽ തന്നെ നിർമ്മിതിയിലെ വലിയ അന്തരം വ്യക്തമാകുന്നതാണ്. ഇനം 6.4 പ്രകാരമുള്ള റോഡ് കോൺക്രീറ്റിൽ ഉപയോഗിക്കാവുന്ന Coarse Aggregate 25 Mm -ൽ കൂടാൻ പാടില്ല എന്ന് നിഷ്കർഷിക്കുമ്പോൾ, 11.4.3.1ൽ 40 Mm Aggregate വരെ ഉപയോഗിക്കുന്നുണ്ട്. 6.4 പ്രകാരമുള്ള ഇനത്തിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ബാഹുല്യവും വൈവിധ്യവും ഇവിടെ പ്രാധാന്യം അർഹിക്കുന്നു. കോൺക്രീറ്റ് റോഡ് നിർമ്മിതിക്ക് 11.4.3.1 നമ്പർ ഡാറ്റാ ഉപയോഗപ്പെടുത്തി പ്രവൃത്തികൾ നടത്താനുണ്ടായ സാഹചര്യം അറിയിക്കുന്നതിലേക്കായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/20-21 തീ. 28.07.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-14 ഓവർ ഹെഡ് ചാർജ് അനുവദിക്കുന്നതിലെ അപാകതകൾ

മോർഡ് സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഓരോ ഇനത്തിലും ഓവർഹെഡ് ചാർജ്ജും, കരാറുകാരന്റെ ലാഭവും 10% വീതവും, കൂടാതെ, കോസ്റ്റ് ഇൻഡക്സും ഉൾപ്പെടുത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേനയാണ്. ഇത് മുഖേന തയ്യാറാക്കിയ മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ 10% ഓവർ ഹെഡ്സ് ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും കോസ്റ്റ് ഇൻഡെക്സും ഉൾപ്പെടുത്തിയാണ് എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയതെന്ന് വ്യക്തമാണ്. സ്റ്റാന്റേർഡ് ഡാറ്റാ ബുക്കിൽ മോർഡ് പ്രകാരമുള്ള വിവിധ

ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം പ്രതിപാദിച്ചിട്ടുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20% ഉം ഓവർഹെഡ്സ് ചാർജ്ജ് കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ച കൊണ്ടാണ്.

ഒരു വലിയ റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാൻ സാധ്യത. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിലുള്ള റോഡുകൾക്ക് ദൈർഘ്യവും വീതിയും കുറവാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വേണ്ടി വരുന്നതെന്നതും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു. ഇത്തരം ചെലവുകൾ വഹിക്കേണ്ട സാഹചര്യമില്ലാത്തതിനാൽ ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD സോഫ്റ്റ്‌വെയർ മുഖേന തന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 5% മാത്രമാണ് ഓവർ ഹെഡ്സ് ചാർജ്ജ് എന്നതും ശ്രദ്ധേയമാണ്. അനർഹമായി ഓവർഹെഡ് ചാർജ്ജ് അനുവദിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 1-15 മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റിയില്ല

ഗ്രാമ പഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം 03.08.2018 വരെ ഇ -ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ 04.08.2018 മുതൽ 2020-21 സാമ്പത്തിക വർഷം വരെ ഇ -ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്ത് എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ പേരിലുള്ള എസ്.ബി.ഐ അക്കൗണ്ടിൽ (അക്കൗണ്ട് നം. 67387682019) വരവ് വന്നിട്ടുണ്ട്. ഈ തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ല. 2020-21 വർഷത്തിൽ മാത്രം 128160/- രൂപ ഈയിനത്തിൽ വരവുണ്ട്. അസി. എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം മേൽ അക്കൗണ്ടിൽ വരവ് വന്ന തുകയുടെ (04.08.2018 മുതൽ 31.03.2021 വരെയുള്ളത്) വിവരം ചുവടെ ചേർക്കുന്നു.

| വർഷം | അസി. എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവ് വന്ന തുക |
|---|---|
| 2018-19 വർഷത്തെ അക്കൗണ്ട് നീക്കിയിരിപ്പ് | 153863 |
| 2019-20 | 107990 |
| 2020-21 | 128160 |

ഇപ്രകാരം വരവ് വന്നിട്ടുള്ളതും ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ളതുമായ തുക ഡിമാന്റ് ചെയ്ത് ഇൻകം & എക്സ്പെൻഡീച്ചർ ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസീവബിൾസ് എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ വർഷം തിരിച്ച് കണക്കാക്കി കൃത്യത ഉറപ്പാക്കി ധനകാര്യപത്രികയിൽ ഉൾപെടുത്തേണ്ടതും തുക പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-16 റിഡംപ്ഷൻ തുക -സർക്കാർ തിരിച്ചെടുത്ത മുഴുവൻ തുകയും ഗ്രാമ പഞ്ചായത്തിന് തിരികെ ലഭ്യമായില്ല

31.03.2018 ൽ സർക്കാർ ഉത്തരവ് പ്രകാരം തിരിച്ചെടുത്ത 9,00,000/- രൂപയിൽ 8,06,500/- രൂപ 30.06.2018 തീയതിയിൽ ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമായിട്ടുണ്ട്. ശേഷിക്കുന്ന തുക 93,500/- ഇതുവരെയും സ്ഥാപനത്തിന് തിരികെ ലഭ്യമായിട്ടില്ല. 2020-21 വർഷത്തെ വാർഷികകണക്ക് ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂൾ പ്രകാരം 93,500/- നിലവിലും ലഭ്യമാകാതെ ശേഷിക്കുന്നുണ്ട്. തുക തിരികെ ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

1-17 ജലനിധി പദ്ധതിയിൽപ്പെട്ട കുടിവെള്ളപദ്ധതികളുടെ പുനരുദ്ധാരണത്തിന് പഞ്ചായത്ത് ഫണ്ട് മാത്രം വകയിരുത്തി ചെലവഴിച്ചു

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2020-21 വർഷത്തിൽ കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനായി 8 പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്(രണ്ട് സ്പിൽഓവർ പദ്ധതികൾ ഉൾപ്പടെ). 99,37,591/- രൂപ വിവിധ ഫണ്ടുകളിൽ നിന്നായി വകയിരുത്തുകയും 6 പദ്ധതികൾക്കായി 63,74,042/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇവയിൽ 56/21 നമ്പറായി വിവിധ കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനായി നടപ്പാക്കിയ പദ്ധതിയിൽ ചുവടെ ചേർക്കുന്ന 10 കുടിവെള്ള പദ്ധതികളുടെ നവീകരണം ഉൾപ്പെടുത്തിയിട്ടുണ്ട് (ആകെ അടങ്കൽ 22,00,000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്))

| ക്രമ നം | കുടിവെള്ള പദ്ധതിയുടെ പേര് | പ്രൊജക്റ്റ് പ്രകാരം പദ്ധതിയുടെ അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | മുതുകുന്ന് | 2,00,000 | 21,25,523/- (31/20-21 തീ. 08.12.2021 - 1077569/- ; 68/20-21 തീ. 27.03.2021 - 1047954/-) |
| 2 | കീഴൽമീത്തൽ | 1,50,000 | |
| 3 | മലയിൽപാറ | 3,00,000 | |
| 4 | പട്ടേരിക്കണ്ടി | 2,50,000 | |
| 5 | പയ്യാനക്കോട്ടുമ്മൽ | 2,00,000 | |
| 6 | മുള്ളമ്പാറക്കുന്ന് | 3,00,000 | |
| 7 | പന്നയംകോട | 3,00,000 | |
| 8 | പള്ളിച്ചാൽ | 1,00,000 | |
| 9 | ഊഞ്ഞാറ്റിൽ | 3,00,000 | |
| 10 | കുറുക്കയിൽ | 1,00,000 | |
| | | 22,00,000 | |

ഇവയിൽ മുതുകുന്ന്, പട്ടേരിക്കണ്ടി, പയ്യാനക്കോട്ടുമ്മൽ, മുള്ളമ്പാറക്കുന്ന്, പള്ളിച്ചാൽ, ഊഞ്ഞാറ്റിൽ, കുറുക്കയിൽ എന്നീ 7 കുടിവെള്ള പദ്ധതികൾ (ക്രമനം. 1, 4, 5, 6, 8, 9, 10) ജലനിധി പദ്ധതിയിൽ ഉൾപ്പെട്ടവയാണ്. ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 49 കുടിവെള്ളപദ്ധതികളിൽ 31 പദ്ധതികൾ ജലനിധിയിൽ ഉൾപ്പെട്ടവയാണ്. ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള (ജലനിധി ഫേസ്1) വിവിധ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്കായി ജലനിധി പദ്ധതി തയ്യാറാക്കുകയും 2018-19 വർഷം മുതൽ നൊച്ചാട് ഗ്രാമപഞ്ചായത്തിനെ പദ്ധതിയിൽ

ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇത് പ്രകാരം 2018-19, 2019-20 വർഷങ്ങളിലായി 7 പദ്ധതികളെ ജലനിധി പദ്ധതിയിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഉൾപ്പെടുത്തി തുക ചെലവഴിച്ചിട്ടുമുണ്ട്. ജലനിധി പദ്ധതി നോംസ് പ്രകാരം ഈ പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 75% ജലനിധിഫണ്ടും , 15 % ഗ്രാമപഞ്ചായത്തും വകയിരുത്തി, 10% ഗുണഭോക്താക്കളും വഹിക്കുന്നതിന് പകരം മേൽ പരാമർശിച്ചിട്ടുള്ള 7 പദ്ധതികളെ ജലനിധിയിൽ ഉൾപ്പെടുത്താതെ പദ്ധതികളുടെ 100% ഫണ്ടും വകയിരുത്തിയിരിക്കുന്നതും, ചെലവഴിച്ചിരിക്കുന്നതും ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നുമാണ്. ഇത് ഗ്രാമപഞ്ചായത്തിന്റെ മറ്റ് വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാമായിരുന്ന ഫണ്ട് നഷ്ടത്തിന് ഇടയാക്കുന്നു. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും മേൽ പദ്ധതികളുടെ പുനരുദ്ധാരണം ജലനിധിയിൽ ഉൾപ്പെടുത്താതിരുന്നതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതുമാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-18 കുടിവെള്ള പദ്ധതികളുടെ മോട്ടോർ മാറ്റി സ്ഥാപിക്കൽ- പഴയമോട്ടോറിന്റെ വിവരം ലഭ്യമല്ല

ഓഡിറ്റ് വർഷം കടുക്കാട്ടുമ്മൽ, മുയ്യാറ്റുമ്മൽ എന്നീ രണ്ട് കുടിവെള്ളപദ്ധതികളുടെ മോട്ടോറുകൾ മാറ്റി സ്ഥാപിക്കുന്നതിനായി റെയ്ഡ്കോയ്ക്ക് 4,00,818/-രൂപ നൽകുകയും മോട്ടോറുകൾ മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കടുക്കാട് പദ്ധതിയ്ക്കായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 2,04,898/- (ബിൽ നം. 24/2020-21 തീ. 11.09.2020) രൂപയും, മുയ്യാറ്റുമ്മൽ കുടിവെള്ളപദ്ധതി പുനരുദ്ധാരണത്തിനായി ബീവറേജ് കോർപ്പറേഷനിൽ നിന്നും അനുവദിച്ച 26,40,000/-രൂപയിൽ നിന്നും 1,95,920/- രൂപയും ചെലവഴിച്ചിട്ടുണ്ട് (വൗച്ചർ നം. 22000497/17.09.2020, ട്രഷറി ചെക്ക് നം. 1085243/17.09.2020) പുതിയ മോട്ടോർ സ്ഥാപിച്ചപ്പോൾ പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് സ്ഥാപിച്ച പഴയമോട്ടോറിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

കൂടാതെ ഫയൽ പരിശോധനയിൽ കണ്ട മറ്റൊരു അപാകത ഇതൊടൊപ്പം ചേർക്കുന്നു. കടുക്കാട് പദ്ധതിയുടെ മോട്ടോർ മാറ്റി സ്ഥാപിക്കൽ വിവിധ കുടിവെള്ള പദ്ധതികളുടെ മെയിന്റനൻസ് എന്ന പദ്ധതിയുടെ (പ്രൊജക്ട് നം. 167/21)ഭാഗമായി നടപ്പാക്കിയതാണ്. കീഴൽമീത്തൽ, ചെരിപ്പേരി, കടുക്കാട്, ചേർമല തുടങ്ങി നാല് കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനായാണ് പദ്ധതി നടപ്പാക്കിയത്. ഇതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ മോട്ടോർ മാറ്റി സ്ഥാപിക്കൽ ഇതേ പദ്ധതിയിൽ ഉൾപ്പെട്ട ചെരിപ്പേരി കുടിവെള്ള പദ്ധതിയ്ക്കായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയ തുക ഈയിനത്തിലെ യഥാർത്ഥ ചെലവിനേക്കാൾ കുറവുമാണ്. എസ്റ്റിമേറ്റ് പ്രകാരം 1,80,000/- രൂപ. എന്നാൽ കടുക്കാട് കുടിവെള്ള പദ്ധതി മോട്ടോർ മാറ്റി സ്ഥാപിക്കുന്നതിന് യഥാർത്ഥത്തിൽ ചെലവഴിച്ചത് 2,04,898/- രൂപയുമാണ്. ഇത്തരത്തിൽ മാറ്റം വരാനുണ്ടായ സാഹചര്യം വിശദീകരിക്കുന്നതോടൊപ്പം പഴയ മോട്ടോറുകളുടെ നിലവിലെ സ്ഥിതി അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/20-21തീ. 28.07.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ഉപയോഗശൂന്യമായ മോട്ടോറുകൾ തിരികെ ലഭ്യമാക്കി ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടി അറിയിക്കേണ്ടതാണ്

## 1-19 ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ തുക ചെലവഴിച്ചു

| പ്രൊജക്ട് | വിവിധ കുടിവെള്ള പദ്ധതികളുടെ മെയിന്റനൻസ് | | |
|---|---|---|---|
| പ്രൊജക്ട് നം. | 167/2021 | | |
| നിർവ്വഹണം | അസി. എഞ്ചിനീയർ | | |
| | | | |

| | | | |
|---|---|---|---|
| വകയിരുത്തിയ തുക | 15,00,000/- | 14,38,466 | ധനകാര്യകമ്മീഷൻ |
| | | 61,534 | തനത് ഫണ്ട് |
| ചെലവഴിച്ച തുക | 15,00,000<br>(ബിൽ നം. 28/20-21 തീ. 4.11.20-503340; 41/2020-21 തീ.29.01.21 791762/-;24/20-21 തീ. 11.09.2020-204898) | | ധനകാര്യകമ്മീഷൻ അവാർഡ് |

2020-21 വർഷത്തെ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരവും പ്രൊജക്ട് പ്രകാരവും ഈ പദ്ധതിയ്ക്കായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 14,38,466/- രൂപയും, തനത് ഫണ്ടിൽ നിന്നും 61,534/- രൂപയും ചേർത്ത് 15,00,000/- രൂപയാണ് വകയിരുത്തിയിരിക്കുന്നത്. എന്നാൽ ഈ പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ നിന്നും ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നുമാണ് മുഴുവൻ തുകയും ചെലവഴിച്ചതായി കാണുന്നത്. ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും വകയിരുത്തിയ തുകയേക്കാൾ 61,534/- രൂപ അധികം ചെലവഴിക്കാനുണ്ടായ സാഹചര്യം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി (20/20-21 തീ. 28.07.2021) ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-20 സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച ബ്ലോക്ക് /ജില്ലാപഞ്ചായത്ത് വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക വർഷത്തെ വാർഷികകണക്ക് പരിശോധിച്ചതിൽ ജില്ലാ/ ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ മുൻവർഷങ്ങളിൽ വരവുവന്നതുകയിൽ വിവിധ ഹെഡുകളിലായി 1516830 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു.(ഷെഡ്യൂൾ B4) കാണുക. അതെ സമയം സംയുക്ത പ്രൊജക്ടുകൾക്കായുള്ള ജോയിന്റ് വെഞ്ച്വർ എകൗണ്ടിൽ 590450 രൂപ മാത്രമെ നീക്കിയിരിപ്പായുള്ളൂ. ഇതിൽ നിന്നും അവശേഷിക്കുന്ന 926380 രൂപ മുൻ വർഷങ്ങളിൽ തനത് ഫണ്ട് എകൗണ്ടുകളിലാണ് വരവുവന്നതെന്ന് വ്യക്തമാവുന്നു.സംയുക്ത ഫണ്ടിനങ്ങളിൽ നീക്കിയിരിപ്പുള്ള തുകകളെല്ലാം തന്നെ മുൻവർഷങ്ങളിൽ വരവുവന്നതും നിലവിൽ സ്പിൽ ഓവർ പ്രൊജക്ടുകൾ ഒന്നുംതന്നെ നിലവിലില്ലാത്തതുമാണ്. ഇത്തരത്തിൽ നീക്കിയിരിപ്പുള്ളതുകയിൽ പ്രധാനം 1.6.15ന് പയിമ്പ്രകൊളനി കുടിവെള്ള പദ്ധതിക്കായി വരവുവന്ന 8 ലക്ഷം രൂപയാണ്.നിലവിൽ ഈകുടിവെള്ള പദ്ധതിക്ക് പ്രൊജക്ടുകളൊന്നും നിലവിലില്ല. ധനകാര്യ വകുപ്പിന്റെ 23.1.17ലെ ജി.ഒ.പി 7/17 പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന സംയുക്ത പ്രൊജക്ടുകൾക്കുള്ള വിഹിതം തൻവർഷം മാർച്ച് 31ന് പണമാക്കാത്ത ചെക്കുകൾഒഴികെയുള്ളത് സെക്രട്ടറി തിരികെസർക്കാരിലേക്ക് അടവാക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു.ആയത് പരിഗണിക്കാതെ സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുക ചെലവഴിക്കാതെ വർഷങ്ങളായി പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കുന്നതിന്റെ കാരണം വിശദമാക്കേണ്ടതാണ്. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവഴിക്കാതെ അവശേഷിക്കുന്ന 1516830/- രൂപ ബന്ധപ്പെട്ട ഹെഡിൽ തിരികെ അടവാക്കേണ്ടതാണ്.

## 1-21 തനത് ഫണ്ട് ലഭ്യതപരിഗണിക്കാതെ പ്രൊജക്ടുകൾക്ക് ഫണ്ട് വകയിരുത്തി ചെലവഴിക്കുന്നു.

2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് വിവിധ പ്രൊജക്ടുകൾക്കായി 7600619 രൂപ വകയിരുത്തുകയും ആയതിൽ 3937149 രൂപ ചെലവഴിക്കയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ തനത് ഫണ്ട് നീക്കിയിരിപ്പ് പരിശോധിച്ചതിൽ വിവിധ എകൗണ്ടുകളിലായി 31.3.20ൽ 6842916 രൂപ തനത് ഫണ്ട് നീക്കിയിരിപ്പായുണ്ട്. പഞ്ചായത്തിന്റെ

സാമ്പത്തിക വർഷത്തെ ബാലൻഷീറ്റ് പരിശോധിച്ചതിൽ വിവിധ ആവശ്യങ്ങൾക്കായി മുൻവർഷങ്ങളിൽ വരവുവന്ന വിവിധ ഗ്രാന്റിനത്തിൽ (ഷെഡ്യൂൾ B.4) 4397411 രൂപ ചെലവഴിക്കാതെ തനത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്. ഇത് കൂടാതെ ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ മുൻവർഷങ്ങളിൽ ലഭിച്ചതുകയിൽ 2167880 രൂപ ചെലവഴിക്കാതെ അവഷേഷിക്കുന്നതിൽ 1394930 രൂപ തനത് ഫണ്ട് എകൗണ്ടിലാണ് കിടക്കുന്നത്. ഇതിൽ നിന്നും തനത് ഫണ്ട് എകൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന മറ്റുഫണ്ടുകൾ 5794671 രൂപയാണ്(4397411+1394930). ഇതുകൂടാതെ ബാലൻഷീറ്റ് ഷെഡ്യൂൾ B9പ്രകാരം 1093222 രൂപയുയെ മറ്റ് ബാധ്യതകളും പഞ്ചായത്തിന് ഉണ്ട്. ഇത് ഉൾപ്പെടെമൊത്തം ബാധ്യത 6887893 രൂപയാകും. ഇതുകൂടി പരിഗണിച്ചാൽ പഞ്ചായത്തിന്റ യഥാർത്ഥ നീക്കിയിരിപ്പ് - 44977 രൂപയായിമാറും (6842916-6887893). സ.ഉ.നമ്പർ 11/18 തസ്വ.ഭ.വ തി 29.1.18 ഖണ്ഡിക 5.1(3) പ്രകാരം 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലും ബന്ധപ്പെട്ട ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം തനത്/ പൊതുആവശ്യഫണ്ടിൽ നിന്നും നിർവഹിക്കേണ്ടതായ അനിവാര്യ ചെലവുകൾക്കും, അനുവദനീയമായ മറ്റ് ചെലവുകൾക്കും ആവശ്യമായതുക ബജറ്റിൽ മാറ്റിവെച്ചശേഷം മിച്ചമുള്ള തുകയെ തനത് ഫണ്ട് സ്രോതസ്സായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടുള്ളൂ. 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ ആകെതനത് ഫണ്ട് വരുമാനം ജനറൽ പർപ്പസ് ഗ്രാന്റുൾപ്പെടെ 17704903 രൂപയാണ് (12407569+5297334) ആയതിൽ പഞ്ചായത്തിന്റ ശമ്പളം ഉൾപ്പെടെയുള്ള അനിവാര്യ ചെലവുകൾക്കും മറ്റ് ചെലവുകൾക്കും ആകെ 12927156 രൂപ വരുന്നുണ്ട്. ഇതിനുപുറമെ കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾക്ക് ആവശ്യമായതുക വേറെയും വരുന്നുണ്ട്. ഇതിൽ നിന്നും അനിവാര്യവും, അനുവദനീയവുമായ ചെലവുകൾ കഴിഞ്ഞാൽ തനത് ഫണ്ടിൽ പ്രൊജക്ടുകൾക്കായി നീക്കിവെക്കാവുന്നതുക പരിമിതമാണെന്ന് കാണുന്നു. ഇതിൽനിന്നും ഇല്ലാത്ത തനത്ഫണ്ട് പ്രൊജക്ടുകൾക്കായി വകയിരുത്തി മറ്റ് ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്ന പ്രവണത പഞ്ചായത്തിൽ നിലനിൽക്കുന്നു എന്ന് വ്യക്തമാവുന്നു. അപാകതക്ക് കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-22 കരിമ്പാംകുന്ന് ചെറുകുന്ന് കനാൽ റോഡ് പ്രവർത്തി- തുക ഡപോസിറ്റ് ചെയ്തതിൽ അപാകത.

പ്രൊജക്ട് നമ്പർ- 14/21

വകയിരുത്തിയ തുക- 400000

ചെലവുതുക- 400000(ബിൽനമ്പർ 10/19-8.20)

19-20 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തി 20-21 ൽ സ്പിൽ ഓവർ പ്രൊജക്ടായി നടപ്പിലാക്കിയ മേൽ പ്രൊജക്ടിന് K.Y.I.P മെയിൻ കനാലിനോട് ചേർന്ന റോഡിൽ പ്രവർത്തി നടത്തേണ്ടതിനാൽ മേൽ ബിൽ പ്രകാരം 400000 രൂപ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി പിൻവലിച്ച് ഡപോസിറ്റ് പ്രവർത്തിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്ട് പേരാമ്പ്രക്ക് കൈമാറിയിട്ടുണ്ട്. സ.ഉ.നമ്പർ11/18 തസ്വ.ഭ.വ.29.1.18 ഖണ്ഡിക 11.2.ഡി പ്രകാരം വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്ന പ്രവർത്തികൾ K.S.E.B മുഖേനയും കുടിവെള്ള സ്കീമുകൾ വാട്ടർ അതോറിറ്റി മുഖേനയും ഡപോസിറ്റ് പ്രവർത്തിയായി നടപ്പിലാക്കാൻ അംഗീകാരം നൽകിയിട്ടുണ്ട്. മറ്റ് പ്രവർത്തികൾക്ക് തുക ഡപോസിറ്റ് ചെയ്യുന്നതിന് പ്രത്യേക അനുമതി ആവശ്യമാണ്. പ്രവർത്തിക്ക് പ്രത്യേകഅനുമതി ലഭ്യമാക്കാൻ കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസർ മുഖേന സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റിക്ക്അനുമതിക്കായി അപേക്ഷിക്കുകയും 25.2.20ന് ചേർന്ന സംസ്ഥാനതല കോർഡിനേഷൻ സമിതി ആയത് പിന്നീട് പരിഗണിക്കുന്നതിനായി മാറ്റിവെക്കുകയാണുണ്ടായത്. കമ്മറ്റി പിന്നീട് ആയതിന് അനുവാദം നൽകിയതിന്റെ രേഖകളൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അനുമതി ലഭ്യമാക്കാതെ തുക ഇറിഗേഷൻ വകുപ്പിൽ അടവാക്കുകയാണ്

ചെയ്തിരിക്കുന്നത്. തുക ഡിപ്പോസിറ്റ്ചെയ്ത് ഒരുവർഷം കഴിഞ്ഞിട്ടും പ്രവർത്തി പൂർത്തീകരിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയതായും കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അനുമതി ലഭ്യമാവാതെ തുക ഡിപ്പോസിറ്റ് ചെയ്തതിനാലും വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിലും ചെലവുതുക 400000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-23 അങ്കണവാടി പൂരകപോഷകാഹാരം - S.C.Pഫണ്ട് വകയിരുത്തിയതിന് വ്യക്തതയില്ല.

പ്രൊജക്ട് നമ്പർ 9/20-21

വകയിരുത്തിയ തുക- 500000/-

ചെലവുതുക- 480078/- (ബിൽ നമ്പർ-8/20-21 തി 3.11.20-164883

9/20.21 തി. 19-11.20 -235167

Orderno-247/11.2.21-80078)

മേൽ ബില്ലുകൾ പ്രകാരം എസ്.സി.പി ഫണ്ടിൽ നിന്നും 3ലക്ഷം രൂപ/യും 80078രൂപ സെൻട്രൽ ഫണ്ട് ഇനത്തിലും പിൻവലിച്ച് അങ്കണവാടി പൂരകപോഷകാഹാരം എസ്.സി.പി. പ്രൊജക്ടിനായി ചെലവഴിച്ചിട്ടുണ്ട്. സ.ഉ.എം.എസ്. 11/18 ത.സ്വ.ഭ.വ .29.1.18 ഖണ്ഡിക 5.2 വികസനഫണ്ടിൽ നിന്നും നിർബന്ധമായി നീക്കിവെക്കേണ്ട ഇനങ്ങൾ വിവരിക്കുന്നുണ്ട്. ഖണ്ഡിക5.2(1) പ്രകാരം അങ്കണവാടികളിലെ പോഷകാഹാര വിതരണത്തിന് ഗുണഭോക്താക്കളായ പട്ടിജാതി സമുദായത്തിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്ന ആഹാരത്തിന്റെ ചെലവ് പട്ടികജാതി ഉപപദ്ധതി വിഭാഗത്തിൽനിന്നും വഹിക്കാവുന്നതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ആയത് പ്രകാരം മേൽ പ്രൊജക്ടിനായിതുക വകയിരുത്താവുന്നതാണെങ്കിലും പഞ്ചായത്ത് പരിധിയിലുള്ള അങ്കണവാടികളിൽ പട്ടികജാതി വിഭാഗത്തിൽ പെട്ട എത്ര കുട്ടികൾ ഉണ്ടെന്നതിന്റെ കണക്ക് ലഭ്യമല്ല. പഞ്ചായത്തിലെ സ്റ്റാറ്റസ് റിപ്പോർട്ടിലും ഇത്തരമൊരുകണക്ക് ലഭ്യമല്ല. ആയതിനാൽ പട്ടികജാതി കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായാണോ പ്രൊജക്ടിനായി തുകവകയിരുത്തിയത് എന്ന് വ്യക്തമല്ല. പട്ടികജാതി കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായാണ് പ്രൊജക്ടിൽ തുക വകയിരുത്തിയതെന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

## 1-24 കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രൊജക്ടുകളിലെ അപാകതകൾ

2020-21 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി പഞ്ചായത്തിൽ കാർഷിക മേഖലയിൽ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പരിശോധനയിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ ക്കൊടുക്കുന്നു.

പച്ചക്കറി കൃഷി വികസനം-വിതരണവിവരം, ഗുണഭോക്തൃലിസ്റ്റ് എന്നിവ ലഭ്യമായില്ല.

പ്രൊജക്ട് നമ്പർ- 90/21

വകയിരുത്തിയ തുക-134000

ചെലവുതുക- 124000

മേൽ പ്രൊജക്ടു പ്രകാരം 50 രൂപ വിലയുള്ള 2000 പച്ചക്കറിവിത്ത് കിറ്റുകൾ V.F.P.C.K. യിൽ നിന്നും വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി അറിയിച്ചിട്ടുണ്ട്. കിറ്റുകൾ വിതരണം ചെയ്തതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. 19-20 സാമ്പത്തിക വർഷത്തിൽ ഇതേപോലെ നടപ്പിലാക്കിയ പ്രൊജക്ടിന്റെ വിതരണസ്റ്റേറ്റ് മെന്റിന്റെ കോപ്പിതന്നെയാണ് 20-21 സാമ്പത്തിക വർഷത്തിലും ഹാജരാക്കി യിരിക്കുന്നത്. പ്രൊജക്ടിൽ മറ്റൊരിനമായ 50സെന്റിൽ

കൂടുതൽ പച്ചക്കറി കൃഷിചെയ്യുന്ന കർഷകർക്ക് കൂലിചെലവ് സബ്സിഡിക്ക് പ്രൊജക്ട് ലക്ഷ്യമിട്ടിരുന്നെങ്കിലും ഇത്തരത്തിൽ അപേക്ഷ സമർപ്പിച്ച 24 പേർക്ക് കേവലം 1000 രൂപ മാത്രമാണ് വിതരണം ചെയ്തത്.

<u>സുഫലം വൃക്ഷതൈ വിതരണം- വിതരണ വിവരം,അംഗീകൃത ഗുണഭോക്തൃലിസ്റ്റ് എന്നിവലഭ്യമായില്ല.</u>

പ്രോജക്ട് നമ്പർ- 90/21

വകയിരുത്തിയ തുക- 1020000

ചെലവുതുക- 1020000

ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് വിഷരഹിതവും പോഷകസമൃദ്ധവുമായ ഫലങ്ങൾ വീട്ടുവളപ്പിൽ ഉത്പാദിപ്പിക്കുന്നതിനായി 2550 ഫലവൃക്ഷതൈ കിറ്റുകൾ പന്തലായനി ബ്ലോക്ക് അഗ്രോസർവീസ് സെന്ററിൽ നിന്നും വാങ്ങി 75% സബ്സിഡിനിരക്കിൽ കുടുംബശ്രീ മുഖേനവിതരണം ചെയ്തു. അംഗീകൃത ഗുണഭോക്തൃലിസ്റ്റ്, കുടുംബശ്രീ മുഖേന ഗുണഭോക്താക്കൾ ഫലവൃക്ഷതൈ കിറ്റുകൾ കൈപറ്റിയതിന്റെ രേഖകൾഎന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

<u>സുഭിക്ഷകേരളം എല്ലാവീട്ടിലും പച്ചക്കറിതൈ വിതരണം (വനിത)-വിതരണവിവരം, അംഗീകൃത ഗുണഭോക്തൃലിസ്റ്റ് എന്നിവ ലഭ്യമായില്ല.</u>

പ്രൊജക്ട് നമ്പർ-196/20

വകയിരുത്തിയ തുക- 375000

ചെലവുതുക- 375000

സംസ്ഥാന സർക്കാറിന്റെ സുഭിക്ഷകേരളം പദ്ധതിയോടനുബന്ധിച്ച് സംസ്ഥാനത്തൊട്ടാകെ വിഷമുക്ത പച്ചക്കറി ലഭ്യമാക്കുന്നതിനും സുരക്ഷിത പച്ചക്കറികൃഷി സ്വയംപര്യാപ്തത എന്നലക്ഷ്യത്തോടെ നൊച്ചാട് പഞ്ചായത്തിൽ പച്ചക്കറികൃഷി വ്യാപിപ്പിച്ച് ഉത്പാദനക്ഷമ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ V.F.P.C.K മുഖാന്തിരം 6 ഇനം പച്ചക്കറി ഇനങ്ങൾ 25000 എണ്ണം വീതം തൈകൾ (ആകെ150000) വാങ്ങി വിതരണത്തിനായി ഒരു വാർഡിൽ നിന്നും തെരഞ്ഞടുത്ത 2 പേരെ വിതരണചുമതല ഏൽപ്പിച്ച് ഓരോപേർക്കും 4350 വീതം തൈകൾ കൈമാറിയിട്ടുണ്ട്. അംഗീകൃത ഗുണഭോക്താക്കളുടെലിസ്റ്റ്, പച്ചക്കറി തൈകളുടെ വിതരണവിവരം എന്നിവ പരിശോധനക്ക് ലഭ്യമായിട്ടില്ല.

<u>കൃഷിഭവൻ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളും ഫർണീച്ചറും വാങ്ങൽ-കമ്പ്യൂട്ടർ ലഭ്യമായില്ല.</u>

പ്രൊജക്ട് നമ്പര് -192/21

വകയിരിത്തിയ തുക -100000

ചെലവുതുക -100000

മേൽ പ്രൊജക്ട് പ്രകാരം കൃഷിഭവനിലേക്ക് ആവശ്യമായ കമ്പ്യൂട്ടർ വാങ്ങുന്നതിന് 40129 രൂപ കേരള ഐ.ടി.മിഷനിൽ അടവാക്കിയിട്ടുണ്ട്. അടവാക്കിയ തുകക്കുള്ള കമ്പ്യൂട്ടർ നാളിതുവരെ കൃഷിഭവനിൽ ലഭ്യമായിട്ടില്ല.

കാർഷിക മേഖലയിൽ പ്രൊജക്ടുകൾക്ക് തുക ചെലവഴിക്കുമ്പോൾ ആയത് യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിച്ചുഎന്ന് ഉറപ്പുവരുത്തേണ്ട കൃഷി ഓഫീസർ ആയത് ചെയ്യാതെ വിത്തുകൾ. പച്ചക്കറിതൈകൾ. ഫലവൃക്ഷതൈകൾ എന്നിവ വാർഡ് തലത്തിൽ ഏൽപിച്ച് വിതരണവിവരം ലഭ്യമാക്കാത്തത് ശരിയായ നടപടിയല്ല. ഗുണഭോക്തൃലിസ്റ്റ് ലഭ്യമല്ലാത്ത പ്രൊജക്ടുകൾ പ്രകാരവുമുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ്. പച്ചക്കറിവിത്ത്, പച്ചക്കറിതൈകൾ, ഫലവൃക്ഷതൈകൾഎന്നിവയുടെ

വിതരണവിവരം ലഭ്യമാക്കേണ്ടതും. കെൽട്രോണിൽ പണമടവാക്കിയിട്ടും ലഭ്യമാവാത്ത കമ്പ്യൂട്ടർ ലഭ്യമാവാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

1-25 കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് മരുന്ന് വാങ്ങൽ-മുഴുവൻ തുകയ്ക്കുള്ള മരുന്നുകളും ലഭ്യമായില്ല.

പ്രോജക്ട് നം-35/2020-21

അടങ്കൽ -250000/(മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം)

ചെലവ്-250000/-(ബിൽ നം-14/2020-21 തിയ്യതി-28.02.2021- 250000/-)

2020-21 വർഷത്തിൽ മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി മരുന്ന് വാങ്ങുന്ന ആവശ്യത്തിലേക്കായി 250000/- രൂപ 28.02.2021 ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പേരിൽ പഞ്ചാബ് നാഷണൽ ബാങ്ക് പാളയം ബ്രാഞ്ചിലുള്ള അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു. ഓഡിറ്റ് തിയ്യതി വരെ 168544/- രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. 81456/- രൂപയുടെ മരുന്നുകൾ ഇതുവരെയും ലഭ്യമായിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം-15/20-21) മറുപടി നൽകിയിട്ടില്ല. ചെലവ് തുക 81456/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-26 കതിരണിയും നൊച്ചാട്,കളംനിറയും നൊച്ചാട്-സമഗ്രനെൽകൃഷി വ്യാപനപദ്ധതി പ്രൊജക്ടിന് സമഗ്രതയില്ല.

പ്രൊജക്ട് നമ്പർ- 16/21

വകയിരുത്തിയ തുക- 547000

ചെലവുതുക- 472000 (ബിൽ നമ്പർ-16/20-21 തി16.1.21-252000

27/20.21 തി 27.3.21-100000

28/20.21തി 29.3.21- 120000)

നൊച്ചാട് ഗ്രാമപഞ്ചായത്തിലെ 10 പാടശേഖരങ്ങളിലായി തരിശ്ശായി കിടക്കുന്ന 100 ഹെക്ടർ കൃഷി സ്ഥലം 19-20 സാമ്പത്തിക വർഷത്തിൽ കൃഷിയോഗ്യമാക്കിയത് തുടർവർഷവും ആയത് തുടരുന്നതിന് കർഷകർക്ക് വിത്ത് കൂലിചെലവ് സബ്സിഡി എന്നിവ നൽകുന്നതിനാണ് ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് വിഹിതമുൾപ്പെടെ തുക വകയിരുത്തിയിരിക്കുന്നത്. 80 ഹെക്ടർ സ്ഥലത്തേക്ക് 6000കിലോ നെൽവിത്തും കൂലിചെലവിനത്തിൽ ഹെക്ടറിന് 14750 നിരക്കിൽ ധനസഹായവും അനുവദിക്കുന്നു. 20 ഹെക്ടർ സ്ഥലത്തെ നെൽകൃഷിക്ക് മാത്രമാണ് കൂലിചെലവ് വകയിരുത്തിയിരിക്കുന്നത്. ബന്ധപ്പെട്ട പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ ഓഡിറ്റി ന്റെ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെക്കൊടുക്കുന്നു.

1) നെൽകൃഷിചെയ്യുന്ന 80ഹെക്ടർ സ്ഥലത്തേക്ക് ആവശ്യമായ 6000കിലോ നെൽവിത്ത് വാങ്ങി 10 പാടശേഖരസമിതി കൺവീനർമാർക്ക് കൈമാറിയിട്ടുണ്ട്. കൺവീനർമാർ വിത്തുകൾ കർഷകർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2) സമഗ്ര നെൽകൃഷിവ്യാപനം എന്നപേരിലാണ് പ്രൊജക്ട് തയ്യാറാക്കിയതെങ്കിലും 80 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതിൽ 20ഹെക്ടർ സ്ഥലത്തെ നെൽകൃഷിക്ക് മാത്രമാണ് കൂലിചെലവിനത്തിൽ തുക വകയിരുത്തിയിരിക്കുന്നത്. അവശേഷിക്കുന്ന 60 ഹെക്ടറിന് കൂലിചെലവ് എങ്ങനെ നൽകുമെന്നത് വ്യക്തമല്ല. 220000 രൂപ മാത്രമാണ് കൂലിചെലവിനത്തിൽ ചെലവഴിച്ചിരിക്കുന്നത്ആയത് 15ഹെക്ടർ സ്ഥലത്തെ നെൽകൃഷിക്ക് കൂലിചെലവ് നൽകുന്നതിന് മാത്രമെ മതിയാവുള്ളു.

3) സർക്കാർ മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കർഷകർക്ക് അനുവദിച്ച കൂലിചെലവ് ബന്ധപ്പെട്ട കർഷകരുടെ ബാങ്ക് എകൗണ്ടിലേക്ക്കൈമാറാതെ 7 പാടശേഖരസമിതി കൺവീനർമാരുടെ ബാങ്ക് എകൗണ്ടിലേക്കാണ് തുക കൈമാറിയത്. പാടശേഖരസമിതി കൺവീനർമാർ മേൽ തുക കർഷകർക്ക് കൈമാറിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

4) സ.ഉ.എം.എസ്.22/18 ത.സ്വ.ഭ.വ.തി 14.2.18 ഖണ്ഡിക 6.1 പ്രകാരം വിള ഇൻഷ്വറൻസ് തുക മുൻകൂറായി അടക്കണം എന്നാൽ കർഷകർ വിള ഇൻഷ്വർ ചെയ്തതിന്റെ രേഖകളൊന്നും പരിശോധനക്ക് ലഭ്യമായിട്ടില്ല. 2019-20 സാമ്പത്തിക വർഷത്തിലും മേൽ സൂചിപ്പിച്ച തരത്തിലുള്ള അപാകത സംഭവിച്ചതായി കാണുന്നു. അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതോടൊപ്പം ചെലവുതുകയുടെ വിശദവിവരവും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവുതുക 472000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-27 ആശ്രയപദ്ധതിക്കായി കൈമാറിയ പദ്ധതി വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു.

പ്രൊജക്റ്റ് നമ്പർ- 6/20-21

വകയിരുത്തിയ തുക- 714300

ചെലവുതുക- 250000(ബിൽ നമ്പർ 4/20-21 തി 27.10.20)

2.12.17 തിയ്യതിയിലെ സ.ഉ.എം.എസ്.252/17 ത.സ്വ.ഭ.വ. ഉത്തരവു പ്രകാരം അന്തിമമാക്കിയ ആശ്രയ പദ്ധതി ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് മേൽ ബിൽ പ്രകാരം പദ്ധതി വിഹിതത്തിൽ നിന്നും 250000 രൂപ അസി.സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി പിൻവലിച്ച് കുടുംബശ്രീക്ക് കൈമാറിയിട്ടുണ്ട്. ആശ്രയ വിഭാഗത്തിൽ ഉൾപ്പെട്ട ഭവനപുനരുദ്ധാരണം ആവശ്യമുള്ള 3 പൊതുവിഭാഗ ത്തിൽ പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനാണ് തുക അനുവദിച്ചിരിക്കുന്നത്. ആയതിന് മൊത്തം 225000 (3X75000) രൂപ മാത്രമെ ആവശ്യമുള്ളൂ. ഈ ഇനത്തിൽ 25000 രൂപ അധികമായി കുടുംബശ്രീക്ക് കൈമാറിയിട്ടുണ്ട്. മാത്രമല്ല ആനുകൂല്യം കൈപറ്റിയ ഗുണഭോക്താക്കളിൽ ഒരാളായ 15ാം വാർഡിലെ നാരായണി അരിയൂറ എന്നവർ അഡ്വാൻസ് ഇനത്തിൽ 35000 രൂപ കൈപറ്റിയശേഷം ഭവനപുനരുദ്ധാരണം പൂർത്തീകരിച്ച് അവസാനഗഡു കൈപറ്റിയതായി കാണുന്നില്ല. ഈ ഇനത്തിൽ 40000രൂപയും ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. പ്രൊജക്റ്റ് ആവശ്യത്തിൽ കൂടുതൽ തുക കുടുംബശ്രീക്ക് കൈമാറാനുണ്ടായ സാഹചര്യം വിശദമാക്കുന്നതിനും, നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താവ് ആയത് പൂർത്തീകരിക്കാൻ കൈകൊണ്ട നടപടികൾ അറിയിക്കാനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അഡ്വാൻസ് കൈപറ്റിയ ഗുണഭോക്താവ് ആയത് പൂർത്തീകരിക്കാത്തപക്ഷം അഡ്വാൻസ് തിരികെ ഈടാക്കേണ്ടതും ആയത് കൂടി ഉൾപ്പെടെ അവശേഷിക്കുന്ന മൊത്തംതുക (25000+40000+35000) 100000 രൂപ സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്. തുക തടസ്സത്തിൽ വെക്കുന്നു.

## 1-28 കോവിഡും പ്രതിരോധ പ്രവർത്തനങ്ങളും

2020 ജനുവരി മാസത്തിൽ ചൈനയിലെ വൂഹാനിൽ നിന്നും തിരിച്ചെത്തിയ 7 വിദ്യാർത്ഥികൾ നൊച്ചാട് ഗ്രാമപഞ്ചായത്തിൽ നിന്നും ഉള്ളവരായിരുന്നു. വിദ്യാർത്ഥികൾ പഞ്ചായത്തിൽ എത്തിയ ദിവസം തന്നെ ക്വാറന്റെയിൻ ചെയ്തു അന്നുമുതൽ പഞ്ചായത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൽ ആരംഭിച്ചു. മാർച്ച് ആദ്യവാരം മുതൽ പഞ്ചായത്തിൽ ആർ.ആർ.ടി.കൾ രൂപീകരിച്ചു അവരുടെ പ്രവർത്തനം പഞ്ചായത്ത് തലത്തിൽ നിരീക്ഷിച്ചു. ബ്രേക്ക് ദ ചെയിൻ നടപ്പിലാക്കി രോഗം പകരാതിരിക്കാൻ സഹായകരമായ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിൽ കലാസാംസ്കാരിക സംഘടനകൾ, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ സഹായത്തോടെ നടപ്പിലാക്കി.

മാർച്ച് മാസം അവസാനം അടച്ചിടൽ പ്രഖ്യാപിക്കുകയും ജനങ്ങൾക്ക് അത്യാവശ്യകാര്യങ്ങൾക്കായി മാത്രം പുറത്തുപോകാവുന്ന അവസ്ഥ സംജാതമാവുകയും, ജനങ്ങൾക്ക് തൊഴിൽ ചെയ്യാൻ പറ്റാതെ വരികയും ചെയ്തു.

സംസ്ഥാന ഗവർമെന്റ് കോവിഡ് നേരിടുന്നതിനും ജനങ്ങളുടെ ഉപജീവനത്തിനുമായി ആവിഷ്കരിച്ച പ്രവർത്തനങ്ങളിൽ പഞ്ചായത്ത് സജീവമായി പങ്കെടുത്തു. സർക്കാർ ആരംഭിച്ച സാമൂഹിക അടുക്കള മാർച്ച് 27ൽ പഞ്ചായത്തിൽ പ്രവർത്തനം തുടങ്ങി. നിരവധി പേർ സമൂഹ അടുക്കളയിലേക്ക് ആവശ്യമായ ഭക്ഷണ സാധനങ്ങൾ, പച്ചക്കറികൾ എന്നിവ സംഭാവനചെയ്തു. ഇത് മൂലം അന്യസംസ്ഥാന തൊഴിലാളികൾ ഉൾപ്പടെ എല്ലാവർക്കും ഭക്ഷണം ലഭിക്കുന്നുഎന്ന് ഉറപ്പുവരുത്തി. വിദേശങ്ങളിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും എത്തിയവർക്ക് ആവശ്യമായ കോറന്റയിൻ സൗകര്യങ്ങൾ ഏർപ്പെടുത്തി. നിരീക്ഷണ കാലയളവിൽ ആവശ്യമായ മരുന്ന് അത്യാവശ്യ സാധനങ്ങൾ എന്നിവ വിതരണം ചെയ്തു. ജനങ്ങളുടെ രോഗ പ്രതിരോധത്തിനാവശ്യമായ ഹോമിയോമരുന്നു, 60 വയസ് കഴിഞ്ഞവർക്ക് ആവശ്യമായ പ്രതിരോധ മരുന്ന് എന്നിവ ഹോമിയോ, ആയുർവേദ ഡിസ്പൻസറികൾ മുഖേന വിതരണം ചെയ്തു. ഗ്രാമപഞ്ചായത്തിൽ കോവിഡ് കെയർസെന്റർ, കോവിഡ് പ്രാഥമിക ചികിത്സാകേന്ദ്രം എന്നിവ സിറാജുൽ ഹുദാ എജ്യൂക്കേഷനൽ സെന്റർ, നൊച്ചാട് ഹയർ സെക്കന്ററി സ്കൂൾ എന്നിവിടങ്ങളിൽ യഥാക്രമം ആരംഭിച്ചു. ഈ കേന്ദ്രങ്ങളിലേക്ക് ആവശ്യമായ ഉപകരണങ്ങൾ സംഭാവനയായി ലഭിച്ചു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് സർക്കാർ നിർദ്ദേശിച്ച പ്രവർത്തങ്ങളെല്ലാംതന്നെ പഞ്ചായത്ത് യഥാസമയം നടപ്പിലാക്കി.

കാർഷിക മേഖലയിൽ സർക്കാറിന്റെ സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് ഫലവൃക്ഷതൈ വിതരണം, പച്ചക്കറി തൈ വിതരണം, എല്ലാവീടുകളിലും തൊഴിലുറപ്പ് പദ്ധതി സഹായത്തോടെ 10വീതം കപ്പക്കുടമൊരുക്കി കപ്പകൃഷിനടൽ എന്നിവ നടപ്പിലാക്കി.

കോവിഡ് കാലത്തെ പ്രതിരോധ പ്രവർത്തനങ്ങളും വിവിധ മേഖലകളിൽ കോവിഡ് വ്യാപനം മൂലം അനുഭവിച്ചതും അനുഭവിക്കുന്നതുമായ പ്രയാസങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട മേഖലകളിലുള്ളവരുടെ അനുഭവസാക്ഷ്യവും വിവിധ മേഖലകളിൽ പഞ്ചായത്തിൽ നേരിട്ടിട്ടുള്ള തൊഴിൽ നഷ്ടവും വരച്ചുകാട്ടുന്ന ഒരു പുസ്തകം കോവിഡും, ജീവിതവും നൊച്ചാടിന്റെ നേർക്കാഴ്ചകൾ എന്നപേരിൽ പ്രസിദ്ധപ്പെടുത്തി ഗ്രാമപഞ്ചായത്തിൽ വിതരണം ചെയ്തിട്ടുമുണ്ട്. നിലവിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന കൊവിഡ് 2ാം തരംഗത്തിലും ആവശ്യമായ നടപടികൾ പഞ്ചായത്ത് കൈകൊണ്ടിട്ടുണ്ട്.

<u>1-29 ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിന് K.S.E.B. യിൽ അടവാക്കിയ തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല.</u>

സാമ്പത്തിക വർഷത്തിൽ വിവിധ റോഡ് പ്രവർത്തികളുമായി ബന്ധപ്പെട്ട് ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിന് K.S.E.B. യിൽ തനത് ഫണ്ടിൽ നിന്നും അടവാക്കിയ തുകയുടെ വിനിയോഗവിവരം ലഭ്യമായി കാണുന്നില്ല. അടവാക്കിയ തുകയുടെ വിശദവിവരം താഴെക്കൊടുക്കുന്നു.

| വൗച്ചർ നമ്പർ/ തിയ്യതി | തുക | റിമാർക്സ് |
|---|---|---|
| 22000700 തി3.12.20 | 32115 | വാല്യക്കോട് വാളേരിപറമ്പ് റോഡ് പ്രവർത്തിയുമായി ബന്ധപ്പെട്ട് K.S.E.B. പേരാമ്പ്ര സെക്ഷനിൽ അടവാക്കിയ തുക |
| | | |

| | | |
|---|---|---|
| 22001084 തി 3.3.21 | 14558 | വടക്കയിൽ മീത്തൽ കരിങ്ങാറ്റിതാഴ, തച്ചർകണ്ടി റോഡ് പ്രവർത്തിയുമായി ബന്ധപ്പെട്ട് K.S.E.B പേരാമ്പ്ര സെക്ഷനിൽ അടവാക്കിയ തുക. |

കെ.എസ്.ഇ.ബി യിൽ അടവാക്കിയ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. ചെലവുതുക 46673 രൂപ തടസ്സത്തിൽ വെക്കുന്നു.

**1-30 ഘടകസ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ.-കമ്പ്യൂട്ടറുകൾ ലഭ്യമല്ലാത്തതും മറ്റ് അപാകതകളും.**

പ്രൊജക്ട് നമ്പർ- 95/21

വകയിരുത്തിയ തുക- 300000

ചെലവുതുക- 276374 (Order No 129/4.11.20, 30/22.3.21, 283/20.3.21)

ഗ്രാമപഞ്ചായത്തിലെ വിവിധ ഘടകസ്ഥാപനങ്ങളായ കുടുംബാരോഗ്യകേന്ദ്രം, ആയുർവേദ ആശുപത്രി, വെറ്റിനറി ഓഫീസ്, എ.ഇ.ഓഫീസ് വി.ഇ.ഒ. ഓഫീസ് എന്നിവിടങ്ങളിൽ 4 കമ്പ്യൂട്ടറുകൾ, 4 പ്രിന്ററുകൾ എന്നിവ വാങ്ങുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്. മേൽ പ്രൊജക്ട് പ്രകാരം 2 പ്രിന്ററുകൾ G EM മുഖേന 35600 രൂപചെലഴിച്ച് വാങ്ങിയിട്ടുണ്ട്. 6 കമ്പ്യൂട്ടറുകൾക്കായി 240774 രൂപ കെൽട്രോണിൽ അടവാക്കിയെങ്കിലും നാളിതുവരെ കമ്പ്യൂട്ടറുകൾ സ്ഥാപനത്തിൽ ലഭ്യമായിട്ടില്ല. പ്രൊജക്ട് പ്രകാരം 4 ക മ്പ്യൂട്ടറുകളും 4 പ്രിന്ററുകളും വാങ്ങാനാണ് തുക വകയിരുത്തിയതെങ്കിലും 6 കമ്പ്യൂട്ടറുകൾക്കും 2 പ്രിന്ററുകൾക്കുമാണ് തുക ചെലവഴിച്ചിരിക്കുന്നത്. പ്രൊജക്റ്റിൽ നിഷ്കർഷിച്ചതിൽനിന്നും വിഭിന്നമായി 2 കമ്പ്യൂട്ടറുകൾക്ക് കൂടുതൽ തുക അടവാക്കാനുണ്ടായ സാഹചര്യം വിശദമാക്കിയിട്ടില്ല. പഞ്ചായത്ത് ഭരണസമിതിയോ, പഞ്ചായത്ത്തല പർച്ചേസിംഗ് കമ്മറ്റിയോ ഇത്തരത്തിലൊരു തീരുമാനം കൈകൊണ്ട് കാണുന്നില്ല. കൂടുതൽ കമ്പ്യൂട്ടറുകൾക്കായി തുക ചെലവഴിക്കുന്നതിന് എത് തലത്തിൽ തീരുമാനം കൈകൊണ്ടു എന്ന് വിശദമാക്കേണ്ടതും കെൽട്രോണിൽ നിന്നും കമ്പ്യൂട്ടറുകൾ ലഭ്യമാകാൻ കൈകൊണ്ട നടപടികൾ അറിയിക്കാനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഇപ്പോൾ കമ്പ്യൂട്ടറുകൾ ലഭ്യമായിട്ടുണ്ടെന്നും, പ്രൊജക്ട് ഭേദഗതി ചെയ്യാതെ കൂടുതൽ കമ്പ്യൂട്ടർ വാങ്ങിയത് മനപൂർവമല്ലാതെ സംഭവിച്ച അപാകതയാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

**1-31 മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി തുക പിൻവലിച്ചു.മുറിച്ചുമാറ്റിയ മരത്തിന്റെ വിനിയോഗവിവരം ലഭ്യമാക്കിയില്ല.**

പഞ്ചായത്ത് പരിധിയിൽ വിവിധ സ്ഥലങ്ങളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായി നിൽകുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മുറിച്ചുമാറ്റിയ മരങ്ങൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിശദവിവരം താഴെക്കൊടുക്കുന്നു.

| വൗച്ചർ നമ്പർ/ തിയ്യതി | ചെലവഴിച്ച തുക | റിമാർക്ക്സ് |
|---|---|---|
| 22000176തി6.6.20 | 4000 | പഞ്ചായത്ത് ഓഫീസിന് ഭീഷണി യായി നിൽകുന്ന സ്വകാര്യ |

| | | |
|---|---|---|
| | | വ്യക്തിയുടെ സ്ഥലത്തെ മരംമുറിച്ചുമാറ്റുന്നതിന് ചെലവഴിച്ചത് |
| 22000473തി9.9.20 | 5000 | പുതിയപ്പുറം അങ്കണവാടിക്ക് സമീപം സ്ഥിതിചെയ്യുന്നമരം മുറിച്ചുമാറ്റുന്നതിന് ചെലവഴിച്ചത് |
| 22000874 തി27.1.21 | 4000 | പനമ്പ്ര കോളനിയിൽ വീടിന് ഭീഷണിയായി നിൽകുന്നമരങ്ങൾ മുറിച്ചുമാറ്റുന്നതിന് ചെലവഴിച്ചത് |

മുറിച്ചുമാറ്റിയ മരങ്ങൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിയിട്ടില്ല. മരങ്ങൾ ലേലം ചെയ്ത് മുതൽ കൂട്ടിയതിന്റെ വിശദവിവരം ലഭ്യമാക്കേണ്ടതാണ്.

## 1-32 ദുരിദാശ്വാസ നിധി രൂപീകരണം

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം അഗ്നിബാധ, മാറാരോഗങ്ങൾ മുതലായവ മൂലം ദുരിതമനുഭവിക്കുന്നവരും, ഗ്രാമപഞ്ചായത്ത് പരിധിയിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഓരോ പഞ്ചായത്തിലും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വസ നിധി രൂപീകരിക്കാവുന്നതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ചട്ടം 3(4) പ്രകാരം നിധിയുടെ വരവു ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരുദേശസാൽകൃത ബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൌണ്ട് സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഓഡിറ്റ് പരിശോധനയിൽ പഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിച്ചതിന്റെ രേഖകളോ, ആയതിൽ നിന്നുള്ള വരവ് ചെലവ് വിവരങ്ങളോ പരിശോധനക്ക് ലഭ്യമായിട്ടില്ല. കേരള ഗ്രാമീണ ബാങ്കിൽ ഈ ആവശ്യത്തിനായി 15.1.19 ൽ ഒരു എകൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിൽ നാളിതുവരെ തുകയൊന്നും വരവുവന്നതായി കാണുന്നില്ല. പഞ്ചായത്തിൽ ദുരിദാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ ദുരിദാശ്വാസ നിധിയുടെ വരവ് ചെലവുവിവരം ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം ആയതിന് കാരണം വിശദമാക്കേണ്ടതുമാണ്.

## 1-33 ആസ്തികളുടെ പരിപാലനം

ഗ്രാമപഞ്ചായത്തിൽ നളിതുവരെ ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 2020.21 സാമ്പത്തിക വർഷത്തിൽ ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് 100000 രൂപ തനതുഫണ്ടിൽ വകയിരുത്തിയിരുന്നെങ്കിലും നാളിതുവരെ ആയതിൽ ചെലവൊന്നും ഉണ്ടായിട്ടില്ല. 19-20, 20-21 സമ്പത്തിക വർഷങ്ങളിലായി പുതിയ പഞ്ചായത്ത് ഓഫീസ് ഫർണിഷിംഗിനായി റെയ്ഡ്കൊ മുഖേനെ വാങ്ങിയ 55 ലക്ഷത്തിൽപരം രൂപയുടെ ഫർണീച്ചർ മറ്റ് ഉപകരണങ്ങൾ എന്നിവ

പഞ്ചായത്ത് സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും ആയതിന് ക്രമനമ്പർ നൽകി സൂക്ഷിച്ചിട്ടില്ല. അതേ പോലെതന്നെ പഞ്ചായത്ത് ഓഫീസിലുള്ള കമ്പ്യൂട്ടറുകൾ അനുബന്ധ ഉപകരണങ്ങൾ എന്നിവക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും രജിസ്റ്ററിൽ ആയവയുടെ സ്പെസിഫിക്കേഷൻ മറ്റ് വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിലെ വാറണ്ടി കാലാവധി കഴിഞ്ഞ കമ്പ്യൂട്ടറുകൾക്കും മറ്റുമായി ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് മുഖേന കെൽട്രോണിൽ തുക അടവാക്കിയിട്ടുണ്ടെങ്കിലും ആയതിന് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പുതിയ ഓഫീസ് പ്രവർത്തനമാരംഭിക്കുന്നമുമ്പ് പഴയഓഫീസ് പ്രവർത്തിക്കുമ്പോൾ ഉപയോഗിച്ച ഫർണീച്ചറുകളൊന്നും പുതിയ ഓഫീസിൽ ഉപയോഗപ്പെടുത്തുന്നില്ല. ആയത് പഴയ പഞ്ചായത്ത് ഓഫീസിൽ വിനിയോഗിക്കാതെ കിടക്കുകയാണ്. ഉപയോഗിക്കാതെ കിടക്കുന്ന ഫർണീച്ചറുകളിൽ ഘടക സ്ഥാപനങ്ങൾക്ക് ആവശ്യമുള്ളത് സ്ഥാപനങ്ങൾക്ക് കൈമാറുകയോ, ആവശ്യമില്ലാത്തവ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുകയോ ചെയ്തിട്ടില്ല. പഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ നിഷ്ക്രിയ ആസ്തിയായി ഒരുകുടിവെള്ള പദ്ധതി മാത്രമെ ഉള്ളൂ കൈമാറികിട്ടിയ ആസ്തികളുടെ പരിപാലനത്തിനും. അറ്റകുറ്റപണികൾക്കും ആവശ്യമായ ഫണ്ട് പഞ്ചായത്ത് വകയിരുത്തുന്നുണ്ട്. പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളുടെ നിർമ്മാണത്തിനും, പുനരുദ്ധാരണത്തിനും തുക വകയിരുത്തി ചെലവഴിക്കുന്നുണ്ട്.

### 1-34 മുൻകൂറായി നൽകിയ ഉത്സവബത്ത ക്രമീകരിച്ചില്ല

അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 6000/-രൂപ 2020-21 വർഷത്തിലും ക്രമീകരിക്കാൻ ശേഷിക്കുന്നു. ഇതിൽ 3000/- രൂപ 2017-18 വർഷത്തിൽ ശ്രീ.സുരേഷ്ബാബു, ഓഫീസ് അറ്റൻഡന്റ് എന്നവർക്ക് 24.08.2017 ൽ 4170064 നം. വൗച്ചർ പ്രകാരം മുൻകൂറായി നൽകിയ 15,000/- രൂപയിൽ ക്രമീകരിക്കാതെ ശേഷിക്കുന്ന തുകയാണ്. ഇതോടൊപ്പം 26.08.2020 ൽ ശ്രീമതി. സിനിമോൾ വിജയൻ, സീനിയർ ക്ലാർക്ക് എന്നവർക്ക് നൽകിയ ഉത്സവബത്തയിൽ ക്രമീകരിക്കാതെ ശേഷിക്കുന്ന 3000/- രൂപയും ചേർത്ത് 6000/- രൂപ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/20-21 തീ. 28.07.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻകൂറായി നൽകിയ ഉത്സവബത്ത ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| | പരിശോധിച്ച തീയതി | |
| 2020-21 | ഓഡിറ്റിന്റെ ഭാഗമായി പരിശോധന നടത്തി | |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 1,20,000 | കതിരണിയും നൊച്ചാട് കളം നിറയും നൊച്ചാട്(16/21) | 1,20,000 | - |
| | | 20,000 | സുഫലം ഫലവൃക്ഷത്തൈ വിതരണം(90/21) | 20,000 | - |
| | | 12,000 | പച്ചക്കറികൃഷി വികസനം(91/21) | 12,000 | |
| | | 96000 | കതിരണിയും പാടം | 96000 | |
| | | 5,00,000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും | 5,00,000 | |
| | | 886044 | ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ കെട്ടിടം പൂർത്തീകരണം (164/21) | 886044 | |
| | 2018-19 | 100000 | സംയോജിത കാർഷിക മൃഗസംരക്ഷണ പദ്ധതി ഹൈജനിക് കാറ്റിൽ ഷെഡ് | 100000 | |
| | 2018-19 | 27500 | സംയോജിത കാർഷിക മൃഗസംരക്ഷണ പദ്ധതി ഗ്രാമസുരഭി ഡയറി യൂണിറ്റ് | 27500 | |
| | | 200000 | മിൽക്ക് ഇൻസന്റീവ് | 200000 | |
| ബ്ലോക്ക് | 2020- | 150000 | സുഫലം | 150000 | |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | 21 | | ഫലവൃക്ഷത്തൈ വിതരണം(90/21) | | |
| | | 57527 | മിൽക്ക് ഇൻസന്റീവ് | 57527 | |
| | | 80,000 | കതിരണിയും പാടം | 80,000 | |
| | | 205000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും | - | 20500 |
| | | 165000 | ക്ഷീരഗ്രാമം ഡയറി യൂണിറ്റ് | 165000 | - |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KYIP | കരിമ്പാംകുന്ന് ചെറുകുന്ന് കനാൽ റോഡ് | 10/19.08.2020 | 4,00,000 | - | 4,00,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| ഹഡ്കോ വായപ | | 1,56,01,250 | 1,42,92,426 | 15,95,176 | | 1,26,97,250 |

## 4-6 സ്ഥിരനിക്ഷേപം

4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2875360 |
| തൻവർഷം നിക്ഷേപിച്ച തുക | 258782 |
| ആകെ | 3134142 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3144142 (3134142 +10000 രൂപ EMS Hospital Share) |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കൽപ്പത്തൂർ സർവ്വീസ് സഹകരണ ബാങ്ക് FD | | 1 വർഷം | 3134142 | |
| 2 | EMS ആശുപത്രി ഷെയർ | | | 10000 | |
| ആകെ | | | | 3144142 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 11654/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | | 4485 | ശ്രീ.ബാലകൃഷ്ണൻ, | 1200101100956/ |

| | | | | |
|---|---|---|---|---|
| | | | കല്ലോത്ത് | 14.09.2020 |
| 2018-19 | 2-1(2B) | 4117 | ശ്രീ. മുഹമ്മദ് കോയ | 90320100009/ 16.07.2020 |
| 2018-19 | 1-8 (2A) | 3052 | ശ്രീമതി. കുഞ്ഞാമിന, ചെട്ട്യാം വീട്ടിൽ | 120010100586/ 16.07.2020 |
| | | 11654 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | | 2003-04 | 11.14.119 | കുടിവെള്ള ജലസേചന പദ്ധതികൾ | തുടരുന്നു |
| 2015-16 | 3-1 | 2016-17 | | ആശ്രയ വീടിന് സ്ഥലം ആവശ്യമുള്ളവർ | തുടരുന്നു |
| 2015-16 | 3-1 | 2016-17 | | ആശ്രയ വീടിന് സ്ഥലം ആവശ്യമുള്ളവർ | തുടരുന്നു |
| 2015-16 | 3-1 | 2016-17 | | വീട് റിപ്പയർ ആവശ്യമുള്ളവർ | തുടരുന്നു |
| 2015-16 | 2-5 | 2016-17 | അനുബന്ധം 5-211 | തൊഴിൽ നികുതി അപാകതകൾ | തുടരുന്നു |

## 4-9 ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 86789578 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 85765652 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1100129 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 4,00,000 | ശ്രീ. പി. നാരായണൻ, സെക്രട്ടറി |
| 1-25 | 81,456 | ശ്രീ. അബ്ദുൾ റാസിക്ക്. ടി, മെഡിക്കൽ ഓഫീസർ, പി.എച്ച്. സി, |
| 1-26 | 4,72,000 | ശ്രീമതി. അശ്വതി ഹർഷൻ, കൃഷി ഓഫീസർ |
| 1-27 | 1,00,000 | ശ്രീമതി. ഷെബീന. കെ. പി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-29 | 46,673 | ശ്രീ. പി. നാരായണൻ, സെക്രട്ടറി |
| | 11,00,129 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ. പി. നാരായണൻ, സെക്രട്ടറി | സെക്രട്ടറി, നൊച്ചാട് ഗ്രാമ പഞ്ചായത്ത് | പുല്യക്കിൽ ഹൗസ്, കായണ്ണ ബസാർ-673 525 |
| ശ്രീ.അബ്ദുൾ റാസിക്ക്. ടി, മെഡിക്കൽ ഓഫീസർ, പി.എച്ച്. സി, | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, നൊച്ചാട് | പറമ്പത്ത്, കാവിൽ പി.ഒ, നടുവണ്ണൂർ |
| ശ്രീമതി.അശ്വതി ഹർഷൻ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, നൊച്ചാട് ഗ്രാമപഞ്ചായത്ത് | പ്രിയ നിവാസ്, കോട്ടൂർ പി.ഒ, നടുവണ്ണൂർ |
| ശ്രീമതി.ഷെബീന.കെ.പി, അസിസ്റ്റന്റ് സെക്രട്ടറി | അസി. സെക്രട്ടറി, നൊച്ചാട് ഗ്രാമ പഞ്ചായത്ത് | ദേവരാഗം (ഹൗസ്) പേരാമ്പ്ര പി.ഒ 673 525 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.കെ.ഡി.പി8/2540/18 തീ.30.04.2018 | 3 (32,33,34) |
| 2001-02 (പ്ലാൻ) | കെ.എസ്.എ.കെ.കെ.ഡി.പി8/881/2019(3) തീ.02.12.2020 | 2 (3,5) |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി.പി8/881/2019(5) തീ.02.12.2020 | 5 (3-3(എ), 3-4, 3-5(എ,ബി),3-7) |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി8/881/2019(6) തീ.02.12.2020 | 9 (3-2,3-5(2,3), 3-7(2), 3-10, 3-11(3,4) 3-12(2,3) |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി8/881/2019(7) തീ.02.12.2020 | 19 (2-4, 2-9,2-10, 2-11, 3-2,3-3,3-7, 3-8, 3-10, 3-12, 3-13, 3-15,3-16, 3-17) |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി8/881/2019(8) തീ.02.12.2020 | 5 3-1, 3-3, 3-4, 3-6, 3-8 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി8/2540/18 തീ.30.04.2018 | 5 3-1, 3-3, 3-4, 3-5, 3-8, |
| 2010-11, 2011-12 | കെ.എസ്.എ.കെ.കെ.ഡി.പി8/881/2019(10) തീ.02.12.2020 | 4 3-4, 3-7, 3-16,3-25 |
| 2012-13, 2013-14 | കെ.എസ്.എ.കെ.കെ.ഡി.പി8/881/2019(11) തീ.02.12.2020 | 6 3-2, 3-3, 3-7, |

| | | |
|---|---|---|
| | | 3-10(2), 3-17,<br>3-20 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി8/881/2019(12)<br>തീ.02.12.2020 | 2<br>3-1,3-2 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി4/2098/2016<br>തീ.5.5.17 | 36<br>2-1,2-2,2-3,2-4,<br>2-5,2-6,2-7,<br>2-8 3-1,<br>3-2,3-3,<br>3-4,3-5,3-6,<br>3-7,3-8 3-9,<br>3-10,3-11,3-12,<br>3-13,3-14,<br>3-15,3-16,3-17,<br>3-18,3-19,3-20,<br>3-21,3-22,<br>3-23,3-24,<br>3-25,3-26,<br>3-27,3-28 |
| 2016-17 | കെ എസ് എ കെ.കെ.ഡി/<br>പി8/558/2021തീ.12.04.21 | 22<br>2-1, 2-2, 2-3,<br>2-4, 2-5, 3-1,<br>3-2, 3-3, 3-4,<br>3-5, 3-7, 3-8,<br>3-9, 3-10, 3-11,<br>3-12, 3-13,<br>3-15,3-16, 3-18,<br>3-19, 3-20 |
| 2017-18 | നം.കെ.എസ്.എ/കെ.കെ.ഡിപി/672/21<br>തീ. 12.04.2021 | 3-9,3-11,3-12,3-16 |
| 2018-19 | നം.കെ.എസ്.എ/കെ.കെ.ഡി/പി8/171/20<br>തീ.14.5.2020 | 13<br>1-3(6,7,9,13,14),<br>1-7(ബി,സി,ഡി),<br>1-8,1-10,1-11,1-12,1-13 |

തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം , കോഴിക്കോട്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്